
Monthly Price Rs. 4/-

# THE BIBLE TRUTH



രക്ഷ

ഇതിൽ ഏതാണ് ആവശ്യമില്ലാത്തത്?

നഷ്ടപ്പെട്ട ആത്മാവ്

# ദൈവത്തിന്റെ രക്ഷാ ബന്ധം

| | | |
|---|---|---|
| നമ്മുടെ രക്ഷിതാവ് ദൈവം | – | 1 തിമൊഥെയൊസ് 4:10; യെശയ്യാവ് 12:2; റോമർ 6:23 |
| ക്രിസ്തു യേശു രക്ഷിക്കുന്നു | – | മത്തായി 1:21; എബ്രായർ 5:8–9; തിത്തൊസ് 2:11; റോമർ 3:24 |
| പരിശുദ്ധാത്മാവു നമ്മെ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 6:11; യോഹന്നാൻ 14:26; 16:7–13 |
| ക്രിസ്തുവിന്റെ രക്തം മുഖാന്തരം രക്ഷിക്കുന്നു | – | റോമർ 5:8,9; എബ്രായർ 9:22; എഫെസ്യർ 1:7 |
| അവന്റെ നാമത്തിലാണ് രക്ഷ | – | പ്രവൃത്തികൾ 4:12; 10:43; യോഹന്നാൻ 20:30–31 |
| സുവിശേഷത്താൽ രക്ഷിക്കുന്നു | – | 1 കൊരിന്ത്യർ 15:1–4; റോമർ 1:16; യാക്കൊബ് 1:21 |
| വിശ്വാസത്താൽ രക്ഷ വരുന്നു | – | എബ്രായർ 11:6; റോമർ 3:16; പ്രവൃത്തികൾ 16:31 |
| മാനസ്സാന്തരത്തിലൂടെ രക്ഷ | – | ലൂക്കൊസ് 13:3; പ്രവൃത്തികൾ 2:38; 11:18 |
| രക്ഷ സ്നാനം മുഖാന്തരം ലഭിക്കുന്നു | – | 1 പത്രൊസ് 3:21; മർക്കൊസ് 16:16; പ്രവൃത്തികൾ 2:38 |

**ഇതിനേക്കാൾ ശക്തമായ മറ്റൊരു ബന്ധം രക്ഷക്കില്ല.**

# THE BIBLE TRUTH

**Editors**

**P.K. VARGHESE** **J.C. CHOATE**

000 000 000

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

**Vol. 21** **April 2007** **No.1**


## എഡിറ്റോറിയൽ

ഏതൊരു രാജ്യത്തിലും കാണപ്പെടുന്ന പ്രതിഭാസം ജീവനു വലിയ വില കല്പിക്കുന്നില്ല എന്നതാണ്. ലോകത്തിൽ മനുഷ്യർ പലമേഖലകളിലും പുരോഗതി കൈവരിക്കുന്നുണ്ട്. വിവര സാങ്കേതിക മേഖലകളിൽ വൻകുതിപ്പാണ് നടത്തിക്കൊണ്ടിരിക്കുന്നത്. പുരാതനമാർഗ്ഗങ്ങൾ പലതും ആധുനികതയ്ക്കു വഴിമാറിക്കൊടുത്തിട്ടുണ്ട്. നൂതനസംവിധാനങ്ങൾ മനുഷ്യരുടെ ജീവിത സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. കാര്യങ്ങൾ എത്രയും വേഗത്തിൽ ചെയ്യാമോ എന്ന ത്വരയിലാണ് മനുഷ്യർ. ചരിത്രം നോക്കിയാൽ ശാസ്ത്രവും മുന്നേറിയിട്ടുണ്ട്. അഭിമാനകരമായ ഉയർച്ച നല്ലതും ആവശ്യവുമാണ്. പക്ഷെ ഇതിനെല്ലാം ജനങ്ങളെ പ്രേരിപ്പിക്കുന്ന അടിസ്ഥാന ഘടകങ്ങൾ ഉണ്ട്. മനുഷ്യമനസ്സിൽ അന്തർലീനമായി കിടക്കുന്ന ചില ഉദ്ദേശങ്ങൾ ഉണ്ട്. അതു തികച്ചും ഭൗതികമാണ്. ഭൗതിക ഉയർച്ചയോ, സൗകര്യങ്ങളോ തെറ്റല്ല. പക്ഷേ അതിനു ഊന്നൽ കൊടുക്കുന്നവർ മറ്റു ആവശ്യങ്ങൾ പിൻനിരയിലേക്കു മാറ്റുന്നു. ലക്ഷ്യം ഭൗതികമാകുമ്പോൾ അതിനു വിരാമമുണ്ട് എന്നോർക്കണം. അതു ഒരു ഘട്ടത്തിൽ നിശ്ചലമാകും. ഈ കാണുന്ന പ്രപഞ്ചവും പ്രപഞ്ചത്തിലുള്ളതൊക്കെയും താല്ക്കാലികമാണ്. അനശ്വരമായതു ആത്മീയമായവയാണ്.

കലാ സാംസ്ക്കാരികതലങ്ങളിലും കായികവിനോദരംഗങ്ങളിലും ഭൂരിഭാഗം പേരുടേയും താത്പര്യം ഉയർച്ചയും പദവിയും അംഗീകാരവുമാണ്. മനുഷ്യശരീരവും കഴിവുകളും എങ്ങനെ ലഭ്യമായി എന്നു അധികം പേരും ചിന്തിക്കുന്നില്ല. വർത്തമാനകാല

ജീവിതത്തിൽ തങ്ങളുടെ സ്വാർത്ഥാഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കണം. ഉറവിടത്തെക്കുറിച്ചോ കാരണഭൂതനെക്കുറിച്ചോ വിസ്മരിച്ചു പോകുകയാണ്. സ്വയപരിശ്രമം, സ്വയകഴിവു, സ്വന്തനേട്ടം എന്നിവയെക്കുറിച്ചു ചിന്തിക്കുന്നവർ സ്വാർത്ഥമതികൾ ആണെന്നു മാത്രമല്ല, അവർ മറ്റൊരു വശത്തെക്കുറിച്ചു ചിന്തിക്കുന്നില്ല. വിവേകത്തെ മാറ്റി വികാരത്തിനു കീഴ്പ്പെടുന്നവരാണ് ഭൂരിഭാഗം പേരും. യുവാക്കളും പ്രായമുള്ളവരും തമ്മിൽ കാര്യങ്ങൾ വിലയിരുത്തുന്നതിൽ വ്യത്യാസമുണ്ട്. പ്രായമായവരിൽ അനുഭവജ്ഞാനം ഉള്ളതുകൊണ്ട് അവർ കുറേയൊക്കെ ദൈവികമായി ചിന്തിക്കയും പെരുമാറുകയും ചെയ്യും. അതെല്ലാം ശരിയാകണമെന്നില്ല. നമ്മുടെ ജീവിതത്തിൽ നാം എന്തിനാണ് ഊന്നൽ കൊടുക്കുന്നത്? ജീവിതശൈലി കണ്ടാൽ അതു തിരിച്ചറിയാം. സമയത്തിനു വില കല്പിക്കാത്തവരുണ്ട്. അവർ കൃത്യമായി കാര്യങ്ങൾ ചെയ്യാത്തവരായിരിക്കും. ജീവിതത്തിൽ കൃത്യനിഷ്ഠ എല്ലാവർക്കും അനിവാര്യമാണ്. ജീവനേക്കാൾ സമയത്തിനു വിലകൊടുക്കരുത്. ചില യുവാക്കൾ വാഹനം ഓടിക്കുന്നതു കാണുമ്പോൾ അവർ തങ്ങളുടെ ജീവൻ വലുതായി കാണുന്നില്ല എന്നു തോന്നും. സാഹസികത കാണിച്ചു മരണം വരിക്കേണ്ടി വന്നവർ നമ്മുടെ സമൂഹത്തിലുണ്ട്. അവർ ജീവനേക്കാൾ സാഹസികത ഇഷ്ടപ്പെടുന്നു. സ്വത്തിനുവേണ്ടി വഴക്കിടുന്നവരും, പ്രതികാരം മൂത്തു കൊലപാതകം ചെയ്യുന്നവരും ഉണ്ട്. അവർ എന്താണ് അതിൽ നിന്നു നേടിയത്? വേദന, തടവു, സ്വസ്ഥതയില്ലായ്മ, മറ്റുള്ളവരുടെ ജീവിതത്തെയും ദുഃഖത്തിലാഴ്ത്തും. ഇവയൊക്കെയാണ് അവർക്ക് കിട്ടുന്ന ഫലം. തിരിഞ്ഞു നോക്കിയാൽ അവർക്കു ലജ്ജയാണുണ്ടാവുക.

എന്നാൽ മനുഷ്യർ തങ്ങളുടെ ജീവൻ പോലെയാണ് മറ്റുള്ളവരുടേയും എന്നു ചിന്തിക്കണം. എന്നെപ്പോലെയാണ് മറ്റുള്ളവർ എന്നു ഞാൻ ചിന്തിച്ചാൽ തെറ്റായ പ്രവണതകൾ ഒഴിവാക്കാം. ജീവനേക്കാൾ സ്വത്തിനോ പണത്തിനോ, പദവിക്കോ ഞാൻ സ്ഥാനം കൊടുത്താൽ എന്റെ ജീവിതം താളം തെറ്റും. ഭൗതികമായ പലതും നമ്മുടെ നിലനില്പിനു ആവശ്യമാണ്. ഉദാഹരണത്തിനു നമ്മുടെ ശരീരത്തിനു ആഹാരവും വസ്ത്രവും,

പാർപ്പിടവും, ജലവും, വായുവും ആവശ്യമാണ്. അതു ആരും നിഷേധിക്കുകയുമില്ല. പക്ഷെ കുഴപ്പം തുടങ്ങുന്നതു ആവശ്യത്തിലേറെ ആഗ്രഹിക്കുന്നതു കൊണ്ടാണ്. സ്വന്തം ഇച്ഛകൾ തൃപ്തിപ്പെടുത്തുവാൻ നാം ശ്രമിക്കുന്നു. അതിനു നാം എടുക്കുന്ന മാനദണ്ഡം നമ്മുടെ ചുറ്റുപാടാണ്. അങ്ങനെയല്ല നാം നമ്മുടെ ഭൗതിക പരിമിതികളെ തിരിച്ചറിയണം. അതിനെ മതമെന്നോ അദ്ധ്യാത്മികമെന്നോ ആളുകൾ പറഞ്ഞോട്ടെ. നമ്മുടെ ജീവിതത്തിൽ മുൻഗണനാക്രമങ്ങൾ യഥാർത്ഥമായി തിരിച്ചറിയുവാൻ നാം സത്യവേദപുസ്തകത്തിലേക്കു തിരിയണം. ദൈവം മനുഷ്യരുടെ ജീവിതത്തിൽ വേണ്ടതൊക്കെ മുന്നറിയിച്ചിട്ടുണ്ട്. ആവശ്യമില്ലാത്തതിനേയും വേർതിരിച്ചു വ്യക്തമാക്കിയിട്ടുണ്ട്. എല്ലാവരും ബൈബിൾ വായിച്ചു മനസ്സിലാക്കി അതിൻപ്രകാരം ജീവിച്ചാൽ മനുഷ്യന്റെ ജീവനു ആധാരമായിരിക്കുന്നതു എന്തെന്നു ഗ്രഹിക്കാം. അനേകർ അതു ചെയ്യുന്നില്ല എന്നതാണ് ഖേദകരം.

മനുഷ്യൻ ശരീരവും ആത്മാവും ഉള്ള ഒരു വ്യക്തിയാണ്. ശരീരം ഒരു ആവരണമാണ്. ആവരണത്തെ മാത്രമേ നാം കാണുന്നുള്ളു. നമ്മുടെ ഉള്ളിലുള്ള ആത്മിക മനുഷ്യനെ നാം കാണണം. അതിനു നമുക്കു ദൈവസഹായം വേണം. ദൈവ സത്യമാണ് ആന്തരിക മനുഷ്യനായ ആത്മാവിനെ ജീവിപ്പിക്കുന്നത്. ശരീരത്തിന്റെ ആഗ്രഹങ്ങൾ എപ്പോഴും ഭൗതികമായിരിക്കും. ആത്മാവിന്റെ ചിന്ത ജീവൻ ആകുന്നു. കാരണം ആത്മാവു നിത്യ സ്വഭാവത്തോടുകൂടിയവൻ ആണ്. മനുഷ്യന്റെ സാരാംശവും ഉദ്ദേശവും ദൈവവചനത്തിൽ നിന്നു മനസ്സിലാക്കി വിശ്വസിക്കയും തെറ്റുകൾ തിരുത്തി ദൈവവഴിയിൽ സഞ്ചരിപ്പാൻ തീരുമാനിക്കയും ദൈവപുത്രനായ ക്രിസ്തുവിനെ ഏറ്റുപറയുകയും പാപമോചനത്തിനായി സ്നാനമേല്ക്കുകയും വേണം. ദൈവേഷ്ടം ഇങ്ങനെ നിറവേറ്റുമ്പോൾ ദൈവം നമ്മെ രക്ഷിച്ചു അവന്റെ സഭയോടു ചേർക്കും. പിന്നെ നാം നമ്മുടെ ആയുഷ്ക്കാലം മുഴുവൻ ക്രിസ്തുവിന്റെ സഭയിൽ അവന്റെ ഉപദേശപ്രകാരം മാത്രം ജീവിക്കണം. എന്നാൽ മരണശേഷം നിത്യജീവൻ ദൈവത്തോടുകൂടെ ആസ്വദിക്കാൻ കഴിയും. ഇല്ലെങ്കിൽ നിത്യദണ്ഡനം ആയിരിക്കും ന്യായവിധിക്കുശേഷം ലഭിക്കുക.

✶

# ദൈവകൃപ എല്ലാവരേയും രക്ഷിക്കുമോ?

ജെ.സി.ചോട്ട്

മനുഷ്യരെ തങ്ങളുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാൻ തക്കവണ്ണം യേശുവിനെ അയക്കുകയും അവൻ ക്രൂശിൽ മരിക്കയും ചെയ്തു എന്നതു നമുക്ക് അറിയാം (യോഹന്നാൻ 3:16). എന്തു സ്നേഹം! എന്തു കരുണ! എന്നാൽ രക്ഷ കിട്ടേണ്ടതിന്നു ആ കരുണയും സ്നേഹവും നാം സ്വീകരിക്കേണ്ടതുണ്ട്. അതു കൂട്ടമായിട്ടല്ല ; ഓരോരുത്തരായിട്ടാണ് കർത്താവ് കല്പിച്ചിട്ടുള്ളതു അനുസരിക്കേണ്ടത്. രക്ഷിക്കപ്പെടുന്നവരെ ഓരോ ദിവസവും കർത്താവു തന്റെ സഭയോടു ചേർത്തുകൊണ്ടിരിക്കയാണ്, ദൈവത്തിന്റെ ഈ പദ്ധതി വ്യക്തികളായ ഓരോരുത്തർക്കും ഉള്ളതാണ്. ഒരു പ്രത്യേക സമൂഹത്തിനോ, സമുദായത്തിനോ, കുടുംബത്തിനോ വേർതിരിച്ച് നിർത്തിയിട്ടില്ല. അതേ സമയം പൊതുവിലുള്ള ഒന്നാണ് ആത്മരക്ഷ എന്ന കാര്യവും നാം മറക്കരുത്.

ക്രിസ്ത്യാനികൾ എന്നു പറയപ്പെടുന്ന ആളുകൾക്കിടയിൽ പ്രചരിച്ചിട്ടുള്ള തെറ്റിദ്ധാരണകളിൽ ഒന്നാണ് ഇപ്പോൾ നാം നിരീക്ഷിക്കുന്നത്. കത്തോലിക്കാ വിഭാഗവും മറ്റു നാമധേയ വിഭാഗവും കരുതുന്നത്, ദൈവകൃപ ക്രിസ്തുവിൽ വിശ്വസിക്കുന്ന എല്ലാവർക്കും ഉള്ളതാണ് എന്നത്രെ. അവരുടെ കാര്യകാരണ വിവേചനം ഇങ്ങനെ പോകുന്നു. ക്രിസ്തുവിന്റെ സഭയിലെ അംഗങ്ങളെ, അവർ അപൂർണ്ണരും ബലഹീനരും ആയിട്ടും ദൈവകൃപയാൽ അവർ രക്ഷിക്കപ്പെടുന്നു. പിന്നീട് അവർ ലോകത്തിലെ മനുഷ്യനിർമ്മിതമായ സഭകളെ നോക്കുന്നു എന്നിട്ടു അവർ ഒരു നിഗമനത്തിലെത്തുകയാണ്; അവരെ ദൈവം തന്റെ കൃപയാൽ, ബലഹീനതകളും പോരായ്മകളും ഉണ്ടായിരുന്നിട്ടും രക്ഷിക്കുമെങ്കിൽ തീർച്ചയായും തങ്ങളെയും അങ്ങനെ തന്നെ രക്ഷിക്കും എന്ന്. ഇതിലുള്ള യുക്തി രാഹിത്യം നാം അറിയാതിരിക്കരുത്. ദൈവത്തിന്റെ വചനത്തിൽ ചെയ്യുവാൻ പറഞ്ഞിരിക്കുന്ന കാര്യങ്ങളെ അനുസരിക്കുന്നവരും നിഷേധിക്കുന്ന വരും എന്ന വ്യത്യാസത്തെ ഇവർ മനസിലാക്കുന്നില്ല.

ദൈവത്തിന്റെ കൃപ എല്ലാവരേയും ബാധിക്കുന്നില്ല എന്ന കാര്യം അവർ മറന്നുകളയുന്നു. അവിശ്വാസികൾക്കു ദൈവകൃപ ആസ്വദിക്കാൻ കഴിയുന്നില്ല; വിശ്വസിക്കയും എന്നാൽ രക്ഷക്കു വേണ്ടിയുള്ള ദൈവകല്പന അനുസരിക്കാതെ തള്ളിക്കളയുന്ന വർക്കും ദൈവകൃപ ലഭിക്കയില്ല. ദൈവകല്പന അനുസരിച്ചിട്ടു പിൻമാറി പോയാലും കൃപ നഷ്ടപ്പെടും. ഈ വകഭേദങ്ങൾ എല്ലാവരും തിരിച്ചറിയണം.

രക്ഷിക്കപ്പെട്ട ക്രിസ്ത്യാനിയാണെങ്കിൽ അയാളെ സ്വർഗ്ഗത്തിലേക്കു നയിക്കുവാൻ ദൈവകൃപ സഹായിക്കും എന്നതു വാസ്തവമാണ്. ഇതു പാപമോചനത്തിനായി ദൈവത്തെ അനുസരി ച്ചവർക്കും മരണത്തോളം വിശ്വസ്ഥരായി ജീവിച്ചവർക്കുമാണ് (പ്രവൃത്തി 2:38; വെളിപ്പാട് 2:19). അതിന്റെ അർത്ഥം ഒരാളുടെ നന്മ നിമിത്തമോ സൽപ്രവൃത്തികൾ നിമിത്തമോ ദൈവകൃപ കൂടാതെ രക്ഷക്കു നിദാനമാകുന്നില്ല. രക്ഷിക്കപ്പെടുവാൻ മതിയായ നന്മകൾ ചെയ്യാൻ ഒരു മനുഷ്യനും സാദ്ധ്യമല്ല. സുവിശേഷം അനുസരിക്കാതെ യേശുവിൽ വിശ്വസിക്കുന്നു എന്ന കാരണത്താൽ ദൈവകൃപ രക്ഷിക്കും എന്നതും വാസ്തവ വിരുദ്ധമാണ്. മാനസാന്തരപ്പെടാതെ കഠിന ഹൃദയരായി ജീവിച്ച് ദൈവകൃപയാൽ രക്ഷിക്കപ്പെടും എന്നതും തെറ്റായ ധാരണയാണ്.

എഫെസ്യയിലുള്ള ക്രിസ്ത്യാനികളോടു പൗലൊസ് പറഞ്ഞത്: കൃപയാലല്ലൊ വിശ്വാസം മൂലം നിങ്ങൾ രക്ഷിക്കപ്പെ ട്ടിരിക്കുന്നത് (എഫെസ്യർ 2:8). അതിന്റെ അർത്ഥം എന്തെന്നാൽ ദൈവം മനുഷ്യർക്ക് രക്ഷ സാദ്ധ്യമാക്കി തീർത്തു. മനുഷ്യർ അതു കൈക്കൊള്ളേണം". എന്നാൽ നമ്മുടെ രക്ഷിതാവായ ദൈവ ത്തിന്റെ ദയയും മനുഷ്യപ്രീതിയും ഉദിച്ചപ്പോൾ അവൻ നമ്മെ നാം ചെയ്ത നീതിപ്രവർത്തികളാലല്ല, തന്റെ കരുണ പ്രകാരമത്രെ രക്ഷിച്ചത് (തീത്തൊസ് 3:4-5). തുടർന്നു പൗലൊസ് പറയുന്നു: കൃപയാൽ നീതികരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവന്റെ അവകാശികളായി തീരേണ്ടതിനു പുനർജ്ജനന സ്നാനം കൊണ്ടും നമ്മുടെ മേൽ പകർന്ന പരിശുദ്ധാത്മാവിന്റെ നവീകരണം കൊണ്ടും തന്നെ. അതു സ്നാനത്തെ സൂചിപ്പിക്കുകയാണ് (റോമർ 6:3, 4; പ്രവൃത്തി 22:16; ഗലാത്യർ 3:26, 27; 1 കൊരിന്ത്യർ 12:13 പ്രവൃത്തി 2:38). ഈ ദൈവ നിബന്ധനകൾ അനുസരിക്കാൻ കൂട്ടാക്കാ

ത്തവരിൽ അവന്റെ കൃപയും കരുണയും ലഭിക്കയില്ല.

കത്തോലിക്കരും മറ്റു നാമധേയ വിഭാഗങ്ങളിൽ പെട്ടവരും കർത്താവിന്റെ സുവിശേഷം അനുസരിക്കാത്തതുകൊണ്ടാണ് അവർക്കു ദൈവകൃപയും ദയയും കിട്ടാത്തതു എന്നു നാം മനസ്സിലാക്കണം (മർക്കൊസ് 16:15, 16). അവർ ദൈവത്തെ അനുസരിക്കാത്തതുകൊണ്ടു, രക്ഷിക്കപ്പെടുകയോ ദൈവത്തിന്റെ മക്കളായി തീരുകയോ കർത്താവിന്റെ സഭയിലേക്കു ചേർക്കപ്പെടുകയോ ചെയ്തിട്ടില്ല (ഗലാത്യർ 3:26, 27; യോഹന്നാൻ 3:3-5, പ്രവൃത്തി 2:47). നാം ഇങ്ങനെ പറയുമ്പോൾ വിധിക്കുകയാണ്, കുറ്റപ്പെടുത്തുകയാണ് എന്നെല്ലാം പ്രതികരിക്കുന്നവരുണ്ട്. പക്ഷെ ഞങ്ങൾ ബൈബിളിലെ സത്യം തുറന്നു പറയുന്നു എന്നതാണ് വാസ്തവം. അനുസരിക്കുന്നവരെ കർത്താവു രക്ഷിക്കും.

★

## ജലത്താലുള്ള രക്ഷ

**ബോബ് ഡങ്കൻ**

രക്ഷിക്കപ്പെടുവാൻ ഞാൻ എന്തു ചെയ്യേണം എന്ന ചോദ്യത്തിനുത്തരം സുവിശേഷ പ്രാസംഗികൻ തിരുവെഴുത്തിൽ നിന്നു നല്കിക്കൊണ്ടിരിക്കയാണ് അനേക വർഷങ്ങളായി. വെള്ളത്തിൽ മുങ്ങിയാൽ രക്ഷ കിട്ടുമോ? വെള്ളത്തിലാണോ രക്ഷ എന്നെല്ലാം പറഞ്ഞു പരിഹസിക്കുന്ന നാമധേയ വിഭാഗക്കാരുണ്ട്. ബൈബിളിൽ ദൈവം കല്പിച്ചിരിക്കുന്നതും വിശ്വാസമുള്ള മനുഷ്യർ അനുസരിച്ചതുമായ സത്യം തുറന്നു പറയുന്നു എന്നതാണ് കാരണം. അവർ ആരും സത്യം മനസ്സിലാക്കുകയോ പൂർണ്ണമായ സത്യം ഉൾക്കൊള്ളുകയോ ചെയ്യാത്തവരാണ്. രക്ഷക്കു സ്നാനം ഒഴിച്ചു കൂടാനാവാത്ത ഒന്നാണ് എന്നതു പലർക്കും അംഗീകരിക്കാൻ വൈമനസ്യം കാണുന്നുണ്ട്. രക്ഷ നേടുവാനുള്ള ഒരു പ്രവൃത്തിയായി സ്നാനത്തെ ആളുകൾ കുറ്റപ്പെടുത്തുന്നുണ്ട്. മനുഷ്യരുടെ പ്രവൃത്തികൾ കൊണ്ടു നേടിയെടുക്കാവുന്ന ഒന്നല്ല രക്ഷ. സ്നാനം കൊണ്ടു രക്ഷ സമ്പാദിക്കാമെന്നു ക്രിസ്തുവിന്റെ സഭയിലെ ആരും പ്രസംഗിച്ച് ഇന്നുവരെ ഞാൻ കേട്ടിട്ടില്ല.

ദൈവത്തിന്റെ വാഗ്ദാനങ്ങളായ അനുഗ്രഹങ്ങൾ

ലഭിക്കുന്നതിനായി ചില നിബന്ധനകൾ കൂട്ടിച്ചേർത്തിരിക്കുന്നതു ശ്രദ്ധിച്ച് വായിച്ചാൽ നമുക്കു ഗ്രഹിക്കാം. ഈ നിബന്ധനകൾ അനുസരിക്കാത്തവർക്കു അനുഗ്രഹവും ലഭ്യമല്ല. നയമാന്റെ കുഷ്ഠം മാറേണ്ടതിനു അവൻ യോർദ്ദാൻ നദിയിൽ ഏഴുപ്രാവശ്യം മുങ്ങേണ്ടിയിരുന്നു (2 രാജാക്കന്മാർ 5:10). ഇസ്രായേൽ മക്കളുടെ വീടുകളിലെ കട്ടിള പടികളിലും കുറുമ്പടികളിലും കുഞ്ഞാടിന്റെ രക്തം തളിച്ചില്ലായിരുന്നെങ്കിൽ മിസ്രയീമ്യരുടെ കടിഞ്ഞൂലുകൾ മരിച്ചപ്പോൾ ഇസ്രായേൽ ജനത്തിനും അങ്ങനെ സംഭവിക്കുമായിരുന്നു (പുറപ്പാട് 12:12-15). യെരിഹോവിന്റെ മതിൽ വീഴേണ്ടതിനു ഇസ്രായേൽ സൈന്യം ദിവസത്തിൽ ഒരു പ്രാവശ്യം വീതം ആറു ദിവസം ചുറ്റി നടക്കേണ്ടിയിരുന്നു (യോശുവ 6:1-5). കുരുടനു കാഴ്ച്ച ലഭിക്കേണ്ടതിനു അവൻ ശീലോഹോം കുളത്തിൽ പോയി കഴുകേണ്ടിയിരുന്നു (യോഹന്നാൻ 9:1-7). ഈ വിവരിച്ചതെല്ലാം അവർ നേടിയെടുത്തതാണ് എന്നു പറയാവുന്നതല്ല. പക്ഷെ ദൈവത്തിന്റെ അനുഗ്രഹങ്ങൾ കിട്ടുവാൻ നിബന്ധനകൾ നാം പാലിക്കേണ്ടതുണ്ട്.

പാപികളെ രക്ഷിക്കുന്നത് ദൈവത്തിന്റെ പദ്ധതി അനുസരിച്ചാണ്. പാപം ചെയ്ത പാപിയോട് ക്ഷമിക്കേണ്ടതിനു ദൈവം ചില ഉപാധികൾ വെച്ചിരിക്കുന്നു. യേശുക്രിസ്തു ലോകരക്ഷിതാവായി വന്നു. പാപങ്ങളെ മോചിച്ചുകൊടുക്കുവാനുള്ള അധികാരമുള്ള കർത്താവായി അവൻ ഏതാനും കല്പനകൾ ലോകത്തുള്ള മനുഷ്യർക്കു വെളിപ്പെടുത്തിക്കൊടുത്തു. അവയാണ് മഹത്തായ ആജ്ഞകൾ എന്ന പേരിൽ അറിയപ്പെടുന്നത്.

പിന്നെ അവൻ അവരോടു: നിങ്ങൾ ഭൂലോകത്തിൽ ഒക്കെയും പോയി സകല സൃഷ്ടിയോടും സുവിശേഷം പ്രസംഗിപ്പിൻ. വിശ്വസിക്കയും സ്നാനം ഏല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും; വിശ്വസിക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും (മർക്കൊസ് 16:15-16).

പാപി, സ്നാനത്താൽ പാപക്ഷമാപണം സമ്പാദിക്കയല്ല ചെയ്യുന്നത്. വെള്ളമല്ല; ആ വ്യക്തിയെ രക്ഷിക്കുന്നത്. ക്രിസ്തു, ക്രൂശിലെ മരണം, അടക്കം, ഉയിർപ്പ് എന്നിവയാലത്രെ പാപങ്ങൾ ക്ഷമിച്ചുകൊടുക്കുന്നത്. എന്നാൽ അതേ ക്രിസ്തു തന്നെ

ക്ഷമിക്കുന്നതിനായി ചില ഉപാധികൾ വെച്ചിരിക്കുന്നു. അതു നാം പ്രമാണിച്ചാലേ, അനുഗ്രഹം പ്രാപിക്കയുള്ളൂ. ഈ രീതിയിൽ പാപത്തിൽ നിന്നും മോചനം ലഭിച്ചിരിക്കുന്ന എല്ലാവരും കൃപയാൽ വിശ്വാസം മൂലമത്രെ രക്ഷിക്കപ്പെട്ടിരിക്കുന്നു എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് (എഫെസ്യർ 2:8-9).

സ്നാനം എന്നതു ഒരു രക്ഷാ യോഗ്യതയായി പഠിപ്പിക്കുന്നവരിൽ എന്റെ സഹോദരന്മാരിൽ ചിലരും ഉണ്ടെന്നു തുറന്നു പറയേണ്ടി വരുന്നതിൽ ഖേദമുണ്ട്. അവർ പറയുന്നത്, സ്നാനം എന്നതു പാപക്ഷമാപണത്തിനുള്ള നിബന്ധനയാണ്, ഉദ്ദേശം പാപമോചവുമാണ് (പ്രവൃത്തി 2:38). രക്ഷിക്കപ്പെട്ട ശേഷം ദൈവത്തെ പ്രസാദിപ്പിക്കുന്നതിനു വേണ്ടിയാണ് സ്നാനം ഏല്ക്കുന്നതെന്ന് കരുതിയിരിക്കയാണ് അവർ. ഇതു ദൈവ പദ്ധതിയെ മാറ്റി മറിക്കുന്ന രീതിയാണ്. ദൈവപദ്ധതിയെ മാറ്റി ദൈവത്തെ പ്രസാദിപ്പിക്കാൻ പറ്റുമോ?

സ്നാനം എന്നതു ഒരു യോഗ്യതാ പ്രവൃത്തിയാണെങ്കിൽ വെള്ളത്തിൽ മുക്കിയാൽ രക്ഷ കിട്ടും എന്നു പറയാം. ഒരാൾക്കും രക്ഷ യാദൃശ്ചികമായി കിട്ടുന്നില്ല. രക്ഷ നടക്കുന്നത് ദൈവ മനസിലും അതിന്റെ ഫലം അനുഭവിക്കുന്നത് ലഭിക്കുന്ന വ്യക്തിയിലുമാണ്. ദൈവത്തിലുള്ള ആശ്രയം കൂടാതെയോ ദൈവകൃപ കൂടാതെയോ ലഭിക്കുന്ന ഒന്നല്ല രക്ഷ. വ്യത്യസ്ഥമായ കാരണത്തിനുവേണ്ടി സ്നാനം ഏറ്റ ഒരാൾ ദൈവത്താലുള്ള നീതീകരണം പ്രതീക്ഷിക്കേണ്ട. നമ്മുടെ വിചാരങ്ങൾ അനുസരിച്ചല്ല ദൈവം തീരുമാനങ്ങൾ എടുക്കുന്നത്.

ദൈവ കല്പനകളെ നമുക്ക് രണ്ടായി തരംതിരിക്കാം. 1. ധാർമ്മികങ്ങളായത്, 2 സ്വേച്ഛാപരം. ധാർമ്മികത്തിനുദാഹരണമായി കുല ചെയ്യരുത്, മോഷ്ടിക്കരുത്, അപ്പനെയും അമ്മയെയും ബഹുമാനിക്ക തുടങ്ങിയവയാണ്.

★

## രണ്ടു വ്യത്യസ്ഥ സ്ഥാപനങ്ങൾ അല്ല

ദില്ലാർഡ് തർമാൻ

ക്രിസ്തുവിന്റെ രാജ്യവും കർത്താവിന്റെ സഭയും രണ്ടും രണ്ടു വ്യത്യസ്ഥമായ സ്ഥാപനങ്ങളാണ് എന്ന വിവാദം പലപ്പോഴും

നാം കേൾക്കാറുണ്ട്. പാപത്തിൽ നിന്നു രക്ഷിക്കപ്പെട്ടു ക്രിസ്തുവിന്റെ രാജ്യത്തിലായി തീർന്നാൽ ആ വ്യക്തിക്കു ഇഷ്ടമുള്ള ഏതെങ്കിലും സഭയിൽ അംഗമായി ചേരാം എന്നുപോലും ചിലർ വാദിക്കുന്നതു കേൾക്കാം. ഇതിനെ തുടർന്നു ഒരു തെറ്റായ സിദ്ധാന്തം തന്നെ ഉടലെടുത്തിട്ടുണ്ട്. അതായത് ഒരിക്കൽ രക്ഷിക്കപ്പെട്ടാൽ ആ രക്ഷ നഷ്ടപ്പെടുകയില്ല എന്നതാണ് അത്. ആ സഭ അയാളെ പുറന്തള്ളുകയോ അയാൾ സ്വയമായി പുറത്തു പോകയോ ചെയ്താലും അയാൾ ആദ്യം അംഗമായി കഴിഞ്ഞ ദൈവരാജ്യത്തിൽ തന്നെ അയാൾക്കു കഴിയാം എന്നതാണ് അവരുടെ വിചിത്രമായ തത്വം. തന്നെയുമല്ല അയാളുടെ രക്ഷ തുടർന്നും നിലനില്ക്കും എന്നാണ് അവരുടെ പക്ഷം. ഇങ്ങനെ പഠിപ്പിക്കയോ ചിന്തിക്കുകയോ ചെയ്യുന്നവർ തങ്ങളുടെ സഭയെ ദൈവരാജ്യത്തിൽ നിന്നും വേർതിരിച്ചു നിർത്തിയിരിക്കയാണ്. ഇതിൽ അടങ്ങിയിരിക്കുന്ന അനൗചിത്യം നാം അറിയാതിരിക്കരുത്.

എന്നാൽ ദൈവത്തിന്റെ തിരുവെഴുത്തുകളെ സൂക്ഷ്മമായി പരിശോധിച്ചാൽ സഭയും രാജ്യവും വാസ്തവത്തിൽ ഒരേ ഒരു സ്ഥാപനമാണെന്നു തെളിയും. പരമാർത്ഥത്തിൽ ഭൂമിയിലെ ദൈവരാജ്യമാണ് സഭ എന്നു ബൈബിൾ കാണിക്കുന്നു. ആകയാൽ ലോകത്തിൽ നിന്നു വിളിച്ചു വേർതിരിക്കപ്പെട്ട, രക്ഷിക്കപ്പെട്ട സംഘടനയെയാണ് സഭ എന്നു വിശദീകരിക്കുന്നത്. അതുകൊണ്ടു ക്രിസ്തുവിന്റെ രാജ്യത്തെ വളരെ വ്യക്തമായി തന്നെ ചിത്രീകരിച്ചിട്ടുണ്ട്. സഭയെന്ന ആശയം നമുക്ക് വേദപുസ്തകത്തിൽ നിന്നു തന്നെ ഇതിനോടു സാമ്യപ്പെടുത്താനുള്ള തെളിവുകൾ ഉണ്ട്. രണ്ടിന്റെയും തിരിച്ചറിയാവുന്ന തെളിവുകൾ രണ്ടിനും ഉണ്ട്. അവ പരിശോധിച്ചാൽ രണ്ടും ഒന്നു തന്നെ എന്നു ബോധ്യപ്പെടും. നിങ്ങൾ തന്നെ രണ്ടിനേയും പ്രതിപാദിച്ചിരിക്കുന്ന വാക്യങ്ങൾ പരിശോധിച്ച് കണ്ടെത്തുക. ശ്രദ്ധാപൂർവ്വമായ ഒരു പഠനം നടത്തിയാൽ സഭയും രാജ്യവും ദൈവത്തിന്റെ ഒരേ ഒരു സ്ഥാപനമാണെന്ന സത്യം വെളിപ്പെട്ടു കിട്ടും.

**ആരംഭ തീയതിയും സ്ഥലവും**

രണ്ടിന്റേയും ആരംഭ സ്ഥലവും തീയതിയും ഒന്നു തന്നെയായിരുന്നു. അന്ത്യകാലത്തു യഹോവയുടെ ആലയമുള്ള പർവ്വതം പർവ്വതങ്ങളുടെ ശിഖരത്തിൽ സ്ഥാപിതവും കുന്നുകൾക്കു മീതെ

ഉന്നതവും ആയിരിക്കും. സകല ജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. വരുവിൻ, നമുക്കു യഹോവയുടെ പർവ്വതത്തിലേക്കു, യാക്കൊബിൻ ദൈവത്തിന്റെ ആലയത്തിലേക്കു കയറിച്ചെല്ലാം. അവൻ നമുക്കു തന്റെ വഴികളെ ഉപദേശിച്ചു തരികയും നാം അവന്റെ പാതകളിൽ നടക്കയും ചെയ്യും എന്നു പറയും. സീയോനിൽ നിന്നു ഉപദേശവും യെരുശലേമിൽ നിന്നു യഹോവയുടെ വചനവും പുറപ്പെടും (യെശയ്യാവ് 2:2–3) യഹോവയുടെ പർവ്വതം, ദൈവത്തിന്റെ ആലയം കുന്നുകൾക്കു മീതെ സ്ഥാപിതമാകും എന്നു പറഞ്ഞാൽ മനുഷ്യരാൽ ഉണ്ടാക്കപ്പെട്ട ഭരണ സംവിധാനത്തിന്മേൽ ദൈവത്തിന്റെ ഭരണം സ്ഥാപിക്കും എന്നാണർത്ഥം.

ദൈവത്തിന്റെ ആലയം എന്താണെന്നു അപ്പൊസ്തലനായ പൗലൊസ് വ്യക്തമാക്കിയിട്ടുണ്ട് (1 തിമൊഥെയൊസ് 3:15). അപ്പോൾ യഹോവയുടെ ആലയമായ ദൈവത്തിന്റെ ഭവനമായ സഭ യെരുശലേമിൽ ആണ് സ്ഥാപിക്കുന്നത് എന്നു മുന്നറിയിച്ചിരിക്കുന്നു. യേശു, മരിച്ചു ഉയിർത്തെഴുന്നേറ്റ ശേഷമുള്ള ആദ്യത്തെ പെന്തെകൊസ്തുനാളിൽ സഭ സ്ഥാപിച്ചതോടെ മുൻപറഞ്ഞ പ്രവചനം നിവർത്തിയായി (പ്രവൃത്തി 2:1–47). അന്ത്യകാലമെന്നു പ്രവചിച്ച സമയമാണ് അതെന്നു പത്രൊസ് വ്യക്തമാക്കിയിട്ടുണ്ട് (പ്രവൃത്തി 2:17). എല്ലാ ദേശക്കാരും യെരുശലേമിൽ കൂടി വരികയും അവിടെ നിന്നു ദൈവത്തിന്റെ ഉപദേശം പുറപ്പെടുകയും ചെയ്തു.

### പ്രദേശത്തിന്റെ അതിർത്തി

രാജ്യത്തിന്റെയും സഭയുടേയും വ്യാപ്തി നോക്കുകയാണെങ്കിൽ ഒന്നു തന്നെ. പ്രവാചകൻ റോമാ രാജാക്കന്മാരെ കുറിച്ചു പറഞ്ഞിട്ടു, ഈ രാജാക്കന്മാരുടെ കാലത്തു സ്വർഗ്ഗസ്ഥനായ പിതാവു, ഒരു നാളും നശിച്ചു പോകാത്ത എന്നേക്കുമുള്ള രാജ്യം സ്ഥാപിക്കും എന്നും അതു മറ്റൊരു ജാതിക്കും ഏല്പിച്ചുകൊടുക്കയുമില്ല എന്നും പറഞ്ഞിരിക്കുന്നു (ദാനിയേൽ 2:44). സഭ എന്ന രാജ്യം ഇളകാത്തതാണെന്നു എബ്രായ ലേഖകൻ പറയുന്നു (എബ്രായർ 12;23, 28).

### സ്ഥാപനത്തിന്റെ ഉടമസ്ഥനും ഭരിക്കുന്നവനും

എന്റെ രാജ്യം ഐഹികമല്ല എന്നു പിലാത്തോസിന്റെ ചോദ്യത്തിനു മറുപടിയായി യേശു പറഞ്ഞു (യോഹന്നാൻ 18:36).

രാജ്യത്തിന്റെ രാജാവ് യേശുക്രിസ്തുവാണ്, സഭയുടെ തലയും ക്രിസ്തു തന്നെ (കൊലൊസ്യർ 1:13, 18). അവൻ രാജാധി രാജാവും കർത്താധി കർത്താവുമാണ് (1 തിമൊഥെയൊസ് 6:15). ഉയിർത്തെഴുന്നേറ്റ ക്രിസ്തു ദാവീദിന്റെ സിംഹാസനത്തിൽ ഇരിക്കും എന്നു പറഞ്ഞിരുന്നു (പ്രവൃത്തി 2:29-31). ക്രിസ്തു, രാജ്യമാകുന്ന സഭയെ വാഴുന്നു. അവൻ വീണ്ടും വന്നു രാജ്യം പിതാവിനെ ഏല്പിക്കുന്നതുവരെ അതു തുടരും (1 കൊരിന്ത്യർ 15:24-25). ഭരിക്കുന്നത് പുതിയ നിയമം അനുസരിച്ചാണ്. സുവിശേഷം സർവ്വ ലോകത്തിലും പ്രസംഗിക്കുവാൻ അവൻ തന്റെ ശിഷ്യന്മാരെ നിയോഗിച്ചതു അതുകൊണ്ടാണ് (ലൂക്കൊസ് 24:47). താക്കോലും നല്കി ദൈവരാജ്യമാകുന്ന സഭയിലേക്കു പ്രവേശനത്തിനു (മത്തായി 16:18-19).

**രാജ്യത്തിലേക്കും സഭയിലേക്കും എങ്ങനെ പ്രവേശിക്കാം?**

വീണ്ടും ജനനത്താൽ ആണെന്നു ക്രിസ്തു പറഞ്ഞിരിക്കുന്നു (യോഹന്നാൻ 3:3-5). ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയായി (2 കൊരിന്ത്യർ 5:17). ക്രിസ്തുവിനോടു ചേരുന്നതു സ്നാനത്താലത്രെ (ഗലാത്യർ 3:26-27). സഭയിൽ ചേർക്കപ്പെട്ടവർ മാനസാന്തരപ്പെട്ടു പാപമോചനത്തിനായി സ്നാനം ഏറ്റവരത്രെ (പ്രവൃത്തി 2:38). വെള്ളത്താലും ആത്മാവിനാലും ഉള്ള ജനനം ഈ സ്ഥാപനത്തിലേക്കു പ്രവേശിക്കുന്നതിനു ആവശ്യമാണ്. ഇതിൽ അംഗത്വം നല്കുന്നത് ദൈവമാണ്. പ്രവേശിച്ച അംഗങ്ങൾക്കു ദൈവം അത്താഴം ഒരുക്കിയിരിക്കുന്നു (1 കൊരിന്ത്യർ 11:23-27). കർത്താവ് വീണ്ടും വരുന്നതു തന്റെ സഭയാകുന്ന രാജ്യത്തെ പിതാവിനു ഏല്പിച്ചു കൊടുക്കുന്നതിനാണ്. സ്വർഗ്ഗ രാജ്യത്തിൽ എന്നേക്കും ദൈവവുമായി വസിക്കുവാൻ, നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന ആ അനുഗ്രഹിക്കപ്പെട്ട സ്ഥലത്തു വസിക്കുവാൻ, നിങ്ങൾക്കായി ഒരുക്കിയിരിക്കുന്ന ആ അനുഗ്രഹിക്കപ്പെട്ട സ്ഥലത്തു വസിക്കുവാൻ ദൈവ കല്പനകൾ നിങ്ങൾ അനുസരിച്ചിട്ടുണ്ടോ? ഇല്ലെങ്കിൽ ഇന്നു തന്നെ അനുസരിക്കുക.

★

സ്ത്രീകൾക്കു വേണ്ടി

# അവൻ എന്തായി തീരും?

ബെറ്റി ബർട്ടൻ ചോട്ട്

റാഹേൽ തന്റെ കിടക്കയിൽ ചരിഞ്ഞു കിടന്നുകൊണ്ടു അവളുടെ പൊന്നോമന കുഞ്ഞിനെ മതിവരാതെ നോക്കിക്കൊണ്ടിരുന്നു, ഈ ഭംഗിയുള്ള കുഞ്ഞ് അവൾക്കും അവളുടെ ഭർത്താവായ അന്ത്രയോസിനും ജനിച്ചതാണെന്നു വിശ്വസിക്കാൻ പ്രയാസം. അവർ അതിനെ സൂക്ഷിച്ചു വളർത്തി സംരക്ഷിക്കയും പഠിപ്പിക്കയും ജീവിതത്തിലെ എല്ലാ വഴികളിലും നയിക്കയും വേണം. അവൻ പെട്ടെന്നു ഉറങ്ങി. അപ്പോഴുള്ള അവന്റെ നിസഹായതയെ കുറിച്ചുള്ള മാതൃചിന്ത ഉണർന്നു. അവർ കുഞ്ഞിനു പേരിട്ടിരിക്കുന്നതു തിമൊഥെയൊസ് എന്നാണ്. "ഞാൻ നിന്നെ വളരെ ശ്രദ്ധിച്ചു വളർത്തും" റാഹേൽ മന്ത്രിച്ചു. എന്റെ കുഞ്ഞിനു ഒന്നും സംഭവിക്കാതിരുന്നാൽ മതി. ഒരമ്മയുടെ വാത്സല്യം അവനു മുഴുവൻ പകർന്നു കൊടുക്കണം എന്ന ചിന്തയായിരുന്നു അവളിൽ.

അവളുടെ മനസ് ഉടനെ മറ്റു കുട്ടികളിലേക്കു തിരിഞ്ഞു. കൊച്ചുകുട്ടികൾ സ്ക്കൂളിലേക്കു ഓടി പോകുന്നതും ഓടിച്ചാടി കളിക്കുന്നതും എല്ലാം മനസിലൂടെ കടന്നുപോയി. ബാല്യം കടന്നു കൗമാരത്തിൽ എത്തി പിന്നെ യൗവനത്തിലേക്ക് പ്രവേശിക്കുമ്പോൾ ഉണ്ടാകുന്ന രൂപവ്യത്യാസം, വിവാഹം എന്നിവ വരെ എത്തി. പിന്നെ തന്റെ കുഞ്ഞിന്റെ വളർച്ചയെയും വളർന്നു വിവാഹിതനാകുന്നതും എല്ലാം അവൾ ഊഹിച്ചു. അവൻ അപ്പനെയും അമ്മയെയും വിട്ടുപിരിഞ്ഞു ഒരു പുതിയ കുടുംബ ജീവിതത്തിലേക്കു തിരിയുന്നതിനെ കുറിച്ചും അവൾ ആലോചിച്ചു. അവന്റെ പ്രാധാന്യത്തെയോ, ഉദ്യോഗത്തെയോ സംബന്ധിച്ചല്ല, മറിച്ച് അവൻ ഭാവിയിൽ എന്തായി തീരും? അവന്റെ വ്യക്തിത്വം എന്തായിരിക്കും എന്നു അവൾ ഒരു നിമിഷം ചിന്തിച്ചു. അവൻ ആത്മിയമായി എന്തായി തീരും എന്ന ചോദ്യം അവളുടെ തലയിൽ ഉയർന്നു കേട്ടു. ലോകത്തിൽ പലരും കുഞ്ഞുങ്ങളുടെ ആത്മീയ കാര്യങ്ങളിൽ ശ്രദ്ധിക്കാതെ ശാരീരികവും ലൗകികവുമായവയിൽ ശ്രദ്ധിക്കുന്നു.

അവൾ വീണ്ടും തന്റെ കുഞ്ഞിലേക്കു കണ്ണുകൾ തൊടുത്തു വിട്ടു. ഞാൻ കാണുന്ന ഒരു കൊച്ചു ശരീരം മാത്രമല്ലല്ലോ അവൻ. അവനിൽ ഒരാത്മാവുണ്ടല്ലോ. ആ ആത്മാവ് എന്നേക്കും വസിക്കുന്ന ഒന്നാണല്ലോ. വിവാഹശേഷം അവർ രണ്ടുപേരും മതപരമായ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തിയിരുന്നില്ല. തങ്ങൾ ചെറുപ്പമാണ്. ഒരുപാട് കാര്യങ്ങൾ ജീവിതത്തിൽ ചെയ്തു തീർക്കാനുണ്ട്. സമയം വളരെ കുറവും ആണുള്ളത്. ദൈവത്തിന്റെ ആവശ്യം തന്നെ അവർക്ക് തോന്നിയില്ല. കുഞ്ഞിനെ ദൈവികമായി എങ്ങനെ വളർത്താമെന്ന ചിന്ത അവളിൽ കടന്നുവന്നു. ചില കുട്ടികൾ അവരുടെ മാതാപിതാക്കൾക്കൊപ്പം ദൈവത്തെ ആരാധിക്കുന്ന തിനും മറ്റും പോകുന്നതു അവൾ ശ്രദ്ധിച്ചിട്ടുണ്ട്.

അന്ത്രയോസ് വന്നപ്പോൾ റാഹേലിന്റെ മുഖം മ്ലാനമായി രിക്കുന്നതു കണ്ടു കാരണം അന്വേഷിച്ചു. അതിനു അവൾ പറഞ്ഞത്: നമ്മുടെ കുട്ടിയെ നാം ദൈവവഴിയിൽ നടത്തിയില്ലെങ്കിൽ അവന്റെ ഭാവി എന്തായി തീരും എന്നതാണ് എന്റെ ചിന്ത. അപ്പൻ എന്ന നിലയിൽ നിങ്ങളും അമ്മ എന്ന നിലയിൽ ഞാനും അവന്റെ ആത്മാവിനെകുറിച്ച് ശ്രദ്ധിച്ചില്ലെങ്കിൽ നഷ്ടപ്പെട്ടു പോകാനാണ് സാദ്ധ്യത എന്നും ന്യായവിധി നാളിൽ നമ്മൾ എല്ലാവരും ദൈവ സന്നിധിയിൽ നില്ക്കേണ്ടതല്ലേ എന്നും അവൾ ചോദിച്ചു. ഇപ്പോഴാണല്ലോ നാം അതിനെ കുറിച്ച് തീരുമാനിക്കേണ്ടത്. ഇല്ലെങ്കിൽ പിന്നെ അവസരം കിട്ടിയില്ലെങ്കിലോ?

അന്ത്രയോസ് അതു ശരിയാണെന്നു സമ്മതിച്ചു. വിവാഹ ശേഷം നാം ദൈവത്തെ ആരാധിക്കയോ വേണ്ടവിധം പ്രാർത്ഥിക്ക യോ ചെയ്യാതെ നാം ദൈവത്തെ ഉപേക്ഷിക്കയാണ് ചെയ്തത്. അതിനു വ്യത്യാസം വരുത്തണം. നാം നമ്മുടെ മകനെ സ്നേഹിക്കു ന്നതു പ്രയോജനപ്പെടണം. അടുത്ത ഞായറാഴ്ച്ച മുതൽ നമുക്കു പള്ളിയിൽ പോകണം എന്നവർ ഉറച്ചു. പക്ഷെ ഏതു പള്ളിയിലാണ് പോകേണ്ടത് എന്നതു ഒരു ചോദ്യമായി അവശേഷിച്ചു. ശരിയായ പരിജ്ഞാനപ്രകാരം വേണം അവനെ വളർത്തുവാൻ. അതിനെന്താണ് മാർഗ്ഗം എന്നവർ ആലോചിച്ചു. അവസാനം നല്ല രണ്ടു ബൈബിൾ വാങ്ങി പരിശോധിച്ച് ഏറ്റവും നല്ലത് ഏതെന്നു കണ്ടുപിടിക്കാം; അതനുസരിച്ച് ജീവിതത്തെയും ക്രമപ്പെടുത്താം എന്ന് അവർ തീരുമാനിച്ചു. വിശ്വാസവും ജീവിതവും ദൈവസന്നിധിയിൽ

സ്വീകാര്യമാക്കുവാൻ അതു കൂടിയേ തീരു. അതല്ലാതെ സത്യം അറിയുവാൻ വേറെ ഒരു വഴിയുമില്ല.

★

## പേരിൽ എന്തിരിക്കുന്നു?

ഗ്യാരി.സി.ഹാമ്ടൺ

നൂറുകണക്കിനു വ്യത്യസ്ഥമായ സമൂഹങ്ങൾ വിവിധ പേരുകളാൽ നാമധേയ വിഭാഗങ്ങളായി, അനേക നാമങ്ങളാൽ തരം തിരിച്ചിരിക്കയാണ്. ടെലഫോൺ ഡയറക്ടറി നോക്കിയാൽ പോലും അസംഖ്യം വിഭാഗങ്ങളുടെ പേർ കണ്ടെത്താം. ദൈവ സഭ, എപ്പിസ്കോപ്പൽ, ലൂഥറൻ, ബാപ്റ്റിസ്റ്റ്, ബൈബിൾ ചർച്ച്, ചർച്ച് ഓഫ് ക്രൈസ്റ്റ്, പ്രെസ്ബിറ്റേറിയൻ, ശാബത്ത് മിഷൻ, കത്തോലിക്കാ, യാക്കോബാ, യെഹോവാ സാക്ഷികൾ, പെന്തെകൊസ്തു മിഷൻ, ബൈബിൾ ഫെയ്ത്ത് മിഷൻ, ഫുൾ ഗോസ്പൽ ചർച്ച്, മർത്തോമാ ചർച്ച് എന്നു തുടങ്ങി ധാരാളം പേരുകൾ ഇന്നു അറിയപ്പെടുന്നുണ്ട്. ചിലതെല്ലാം ബൈബിളിൽ ഉള്ളതും അധികവും തിരുവെഴുത്തിൽ കാണാത്തതും അത്രെ. ദൈവത്താൽ വിളിക്കപ്പെട്ടവരും അല്ലാത്തവരും എന്ന് ഇതിനെ നമുക്ക് വേർതിരിക്കാം. നാം സ്വീകരിച്ചിരിക്കുന്ന പേരിനു വല്ല മാഹാത്മ്യവുമുണ്ടോ? മതപരമായി സഭ എന്തു പേരിലാണ് അറിയപ്പെടേണ്ടത്?

### ബൈബിളിൽ പേരുകളുടെ പ്രാധാന്യം

ബൈബിളിൽ കൊടുത്തിരിക്കുന്ന പേരുകൾക്കെല്ലാം വളരെ പ്രാധാന്യം ഉണ്ട്. അബ്രാം എന്ന വാക്കിനു വിശിഷ്ട പിതാവ് എന്നർത്ഥം. പിന്നീട് ദൈവം ആ പേർ മാറ്റി അബ്രഹാം എന്നാക്കി. അർത്ഥമോ ബഹുജാതികളുടെ പിതാവ് എന്നത്രെ (ഉല്പത്തി 17:1-8). സാറായി എന്ന വാക്കിനു എന്റെ രാജകുമാരി എന്നർത്ഥം. എന്നാൽ ദൈവം അവളുടെ പേർ സാറാ എന്നാക്കി. അതിന്റെ അർത്ഥം, ബഹുജാതികളുടെ രാജകുമാരി എന്നാണ് (ഉല്പത്തി 17:15-16), വാഗ്ദത്ത സന്തതിയായ ഇസഹാക്ക് ജനിക്കുമ്പോഴാണ് പേരു മാറ്റത്തിന്റെ പ്രസക്തി നാം തിരിച്ചറിയുന്നത്. ഇസഹാക്കിനും അവന്റെ പിൻഗാമികൾക്കും ദൈവം നല്കിയ പുതിയ പേരുകൾ

അവർ മുഖാന്തരം ഭൂമിയിലെല്ലാം വ്യാപിച്ചു. ഏശാവിന്റെ സഹോദരൻ യാക്കോബ് എന്ന പേരിനു കുതികാൽ പിടിക്കുന്നവൻ, പകരം അവരോധിക്കപ്പെട്ടവൻ എന്നാണ് സാരം. ദൈവദൂതനോടു മല്ലിട്ടു ജയിച്ച രാത്രിയിൽ അവന്റെ പേർ ദൈവം, ഇസ്രായേൽ എന്നു മാറ്റി. അതിന്റെ അർത്ഥം ദൈവത്തോടു മല്ലിട്ടവൻ എന്നത്രെ (ഉല്പത്തി 32:22–32). ശിമോൻ എന്ന വാക്കിനു കേൾക്കുന്നു എന്നർത്ഥമായിരുന്നു. യേശു അവന്റെ പേർ, ഒരു ചെറിയ കല്ല് എന്നർത്ഥം വരുന്ന പത്രൊസ് എന്നു മാറ്റി (യോഹന്നാൻ 1:40–42).

ശാഠ്യക്കാരായ ഇസ്രായേൽ ജനത്തോടു ഇടപെടുമ്പോൾ ദൈവം, ഹോശെയാവിനോടു ദേശത്തിലെ വിഗ്രഹാരാധികളായ മ്ലേഛരത പ്രവർത്തിക്കുന്നവരിൽ നിന്നു ഒരു സ്ത്രീയെ ഭാര്യയാക്കി എടുക്കാൻ ആവശ്യപ്പെട്ടു. അവളുടെ രണ്ടാമത്തെ മകൾ വ്യഭിചാരത്തിൽ ഗർഭിണിയായി ഒരു പെൺകുട്ടിയെ പ്രസവിച്ചു. അവൾക്കു രൂഹമ–കരുണ ലഭിക്കാത്തവൾ എന്നു പേരിട്ടു. ദൈവം ഇസ്രായേൽ ഗൃഹത്തോടു കരുണ കാണിക്കയില്ല എന്നർത്ഥം. അടുത്ത കുട്ടി ആൺകുട്ടിയായിരുന്നു. അവനു ലോ-അമ്മി എന്നു പേരിട്ടു. അതിനർത്ഥം "എന്റെ ജനമല്ലാത്തവൻ എന്നത്രെ. ഇസ്രായേൽ ജനത്തിന്റെ മത്സരബുദ്ധിയും ശാഠ്യവും നിമിത്തം ദൈവം വിഷമിച്ചു. അങ്ങനെ അവൻ പറഞ്ഞു, നിങ്ങൾ എന്റെ ജനമല്ല, ഞാൻ നിങ്ങളുടെ ദൈവവുമല്ല (ഹോശെയാ 1:1–9).

മഹത്തായ ശ്രേഷ്ഠ നാമങ്ങൾ നമ്മുടെ കർത്താവിനായി സൂക്ഷിച്ചിരുന്നു. ദൈവദൂതൻ യോസേഫിനു പ്രത്യക്ഷനായി പറഞ്ഞതു: അവൾ ഒരു മകനെ പ്രസവിക്കും; അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നു പേർ ഇടേണം എന്നു പറഞ്ഞു (മത്തായി 1:21). യെശയ്യാവ് 7:14 ഉദ്ധരിക്കയുമുണ്ടായി. "കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും അവനു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നുപേർ വിളിക്കും". ദൈവത്തിന്റെ അഭിഷിക്തനാകയാൽ അവനെ ക്രിസ്തു എന്നു വിളിച്ചിരുന്നു. അവൻ നമ്മെ വിലെക്കു വാങ്ങി വീണ്ടെടുത്ത പരമാധികാരിയായിരിക്കയാൽ നാം അവനെ നമ്മുടെ കർത്താവ് എന്നു വിളിക്കുന്നു (റോമർ 7:24–25; 1 കൊരിന്ത്യർ 6:19–20). നമ്മുടെ രക്ഷക്കായി നാം വായി കൊണ്ടു യേശുവിനെ

കർത്താവു എന്നു ഏറ്റുപറയണം എന്നു കല്പിച്ചിരിക്കുന്നു (റോമർ 10:9-10). ഈ മുൻപറഞ്ഞ നാമധേയ വിഭാഗക്കാർ എല്ലാം തന്നെ യേശുവിനെ ദൈവ വചനത്തിൽ സൂചിപ്പിച്ചിരിക്കുന്ന പേരുകൾ മാത്രമേ വിളിക്കുന്നുള്ളു എന്നതു ആശ്വാസകരം.

**ദൈവജനത്തിനായി ഒരു പുതിയ പേർ**

ദൈവത്തിന്റെ അരുളപ്പാട് എന്തെന്നാൽ, സീയോനെ കുറിച്ചു ഞാൻ മിണ്ടാതെ ഇരിക്കയില്ല, യെരുശലേമിനെ കുറിച്ച് ഞാൻ അടങ്ങിയിരിക്കയുമില്ല; അതിന്റെ നീതി പ്രകാശം പോലെയും അതിന്റെ രക്ഷ, കത്തുന്ന വിളക്കു പോലെയും വിളങ്ങി വരുവോളം തന്നെ (യെശയ്യാവ് 62:1-2). ആ കാലത്തു ജാതികളും മറ്റു ദേശക്കാരും കർത്താവിന്റെ നീതിയെ കാണും. ദൈവ ജനത്തിനു ഒരു പുതിയ പേർ വിളിക്കപ്പെടും. പുതിയ നിയമ കാലഘട്ടത്തിലെ ചരിത്രം നോക്കിയാൽ അന്ത്യോക്യയിലാണ് ആദ്യത്തെ നാമം വിളിക്കപ്പെടുന്നത് എന്നു കാണാം. യെഹൂദന്മാരും ഗ്രീക്കുകാരും ഉൾപ്പെട്ട ഒന്നായിരുന്നു അത്. അവിടെ വെച്ചാണ് കർത്താവിന്റെ ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേർ വിളിക്കപ്പെട്ടത് (പ്രവൃത്തി 11:26).

**സഭയ്ക്കു ദൈവം നല്കിയ പേരുകൾ**

ക്രിസ്തുവിന്റെ സഭയ്ക്കു ദൈവം വിളിച്ചിരിക്കുന്ന പേരല്ലാതെ മറ്റൊന്നു സ്വീകരിക്കുന്നതെന്തിന്? സഭ ക്രിസ്തുവിന്റെ ശരീരമാണെന്നോർമ്മിക്കുക (എഫെസ്യർ 1:22-23). ക്രിസ്തുവിന് നമ്മെ പോലെ ഒരു ശരീരമാണുള്ളത് (എഫെസ്യർ 4:4). നമ്മിൽ ആരെങ്കിലും തലയെ ഒരു പേരിലും ശരീരത്തെ മറ്റൊരു പേരിലും അറിയപ്പെടാൻ ആഗ്രഹിക്കുമോ? അതുപോലെ, സഭ എന്നതു ക്രിസ്തുവിന്റെ മണവാട്ടിയാണ് (എഫെസ്യർ 5:22-23). തന്റെ ഭാര്യ വേറൊരു ആളുടെ പേരിൽ അറിയപ്പെടുന്ന ഭർത്താവ് ഉണ്ടോ? പരിശുദ്ധാത്മാവിനെ അയച്ച പിതാവും പുത്രനും ഈ കാര്യത്തിൽ ഐകമത്യപ്പെട്ടു രേഖപ്പെടുത്തിയിരിക്കുന്നതു നോക്കുക. സഭ (പ്രവൃത്തി 2:47; കൊലൊസ്സ്യർ 1:18). ക്രിസ്തുവിന്റെ സഭകൾ (റോമർ 16:16). ക്രിസ്തുവിന്റെ ശരീരം എന്നും വിളിച്ചിട്ടുണ്ട് (റോമർ 12:4-5).

ദൈവാനുവാദമില്ലാതെ ദൈവത്തിന്റെ സഭയ്ക്കു പേരിടുവാൻ ദൈവം ആരെയും അധികാരപ്പെടുത്തിയിട്ടില്ല.

✱

## അതു കാൽവരിയിൽ സംഭവിച്ചു

ജോണി രാംസെ

വളരെക്കാലം മുൻപ് ദൂരെ സംഭവിച്ച കാര്യങ്ങൾ ഓരോ ദിവസവും എന്നെ ഓർമ്മിപ്പിക്കയുണ്ടായി. അതിന്റെ ശക്തിയും മനോഹാരിതയും എപ്പോഴും എന്റെ മനസിൽ പുതുമയോടെ നിലനിന്നിരുന്നു. എന്റെ രക്ഷകൻ കാൽവരി ക്രൂശിലെ ഭീഷണി ഏറ്റുവാങ്ങി ഏകനായി മരിച്ചതു എനിക്കു വേണ്ടിയായിരുന്നു. ആ സ്മരിക്കപ്പെടേണ്ട സന്ദർഭം, നമുക്കു ലഭിക്കുവാനുള്ള പ്രത്യാശ നിത്യമാക്കി തീർത്തു. യേശുവിന്റെ ക്രൂശിലെ മരണത്തിനല്ലാതെ മറ്റൊന്നിനും അതിനു മുൻപോ പിൻപോ മനുഷ്യജീവിതത്തെയോ ലക്ഷ്യത്തെയോ മാറ്റുവാൻ കഴിഞ്ഞില്ല. ഇതു വ്യക്തിപരമായി ഓരോരുത്തർക്കും അനുഭവപ്പെടേണ്ടതിനുള്ള പ്രവർത്തിയായിരുന്നു. അതുകൊണ്ടു നമുക്കു നമ്മുടെ യജമാനനോടു ഭക്തിയും നന്ദിയും ഉണ്ടാകണം. ദൈവത്തിനും മനുഷ്യർക്കും ഒരുപോലെ പ്രയോജനപ്പെടുന്ന ഒരു സംഭവമായിരുന്നു അത്.

ഒരു സുവിശേഷ ഗാനത്തിൽ ഈ രംഗത്തെ ചിത്രീകരിക്കുന്നതു നമ്മെ ചിന്തിപ്പിക്കും. അവനെ ജനക്കൂട്ടം നിന്ദിക്കുമ്പോൾ ഞാൻ അവിടെയില്ലായിരുന്നു. അവനെ ലജ്ജാപാത്രമായി നടത്തിക്കൊണ്ടു പോയപ്പോൾ ക്രൂശ് ചുമപ്പാൻ ഞാൻ നിർബന്ധിച്ചില്ല. ദൈവത്തിന്റെ ഏക പുത്രനെ വേദനിപ്പിക്കുവാൻ ഒരൊറ്റ കാര്യവും ചെയ്യാൻ കഴിഞ്ഞില്ല. എന്നാൽ ഞാൻ ഭൂമിയിൽ ഓരോ സമയവും പാപം ചെയ്യുമ്പോൾ, "അവനെ ക്രൂശിക്ക, അവനെ ക്രൂശിക്ക" എന്നു ആർത്തു വിളിച്ചത് ഞാനായിരുന്നു എന്ന തോന്നൽ എനിക്കുണ്ടാകുന്നു. അവന്റെ ക്രൂശിനെ ഉയർത്തിയത് ഞാൻ നിമിത്തമല്ലേ? അവന്റെ ക്രൂശിന്റെ ഭാരം വർദ്ധിപ്പിച്ചതു ഞാൻ കാരണമായിരുന്നു. ഞാൻ, അവൻ മരിക്കുന്നത് നോക്കിയിരിക്കയായിരുന്നോ? എന്താണ് ഞാൻ ചെയ്തത്? ഞാൻ, ഞാൻ തന്നെ കാരണം. ഈ വരികളിൽ ഗാനരചയിതാവു സ്വന്തം അപരാധങ്ങളെ

കണ്ടെത്തുകയാണ്. മറ്റുള്ളവരുടെ തെറ്റുകൾ കണ്ടെത്തുവാൻ നിഷ്പ്രയാസം കഴിയും. സ്വന്തം ബലഹീനതകൾ കണ്ടെത്തുന്നതാണ് വിവേക ബുദ്ധി.

ആ വേദനാജനകമായ ദിവസം ദൈവസ്നേഹമാണ് പ്രകാശിതമായത്. ദൈവ നീതിയും അവന്റെ കരുണയും പ്രദർശിപ്പിച്ചത് എത്ര പേർക്കു തിരിച്ചറിയാൻ കഴിഞ്ഞു എന്നതാണ് പ്രശ്നം. പറഞ്ഞു തീരാത്ത ദാനം നിമിത്തം ദൈവത്തിനു സ്ത്രോത്രം ചെയ്യുകയാണ് അപ്പൊസ്തലനായ പൗലൊസ് (2 കൊരിന്ത്യർ 9:15). അപ്രമേയമായതാകാൻ കാരണം അതു ദൈവിക പ്രവർത്തിയായതിനാലാണ്. യേശു നമുക്കു വേണ്ടി മരിച്ചു എന്നു പറഞ്ഞാൽ നമ്മുടെ അകൃത്യങ്ങൾ നിമിത്തം എന്നർത്ഥം. പിതാവായ ദൈവത്തിങ്കൽ നിന്നും നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോഴത്തെ ദുഷ്ടലോകത്തിൽ നിന്നു നമ്മെ വിടുവിക്കേണ്ടതിനു നമ്മുടെ പാപങ്ങൾ നിമിത്തം തന്നെത്താൻ ഏല്പിച്ചുകൊടുത്തവനായി നമ്മുടെ കർത്താവായ യേശുക്രിസ്തുവിങ്കൽ നിന്നും നിങ്ങൾക്കു കൃപയും സമാധാനവും ഉണ്ടാകട്ടെ (ഗലാത്യർ 1:3–4). അവൻ ക്രൂശിലെ മരണത്തോളം അനുസരണം ഉള്ളവനായി തീർന്നു (ഫിലിപ്പിയർ 2: 8). നമ്മെ വീണ്ടെടുക്കേണ്ടതിനു അവൻ രക്തം ചിന്തി (റോമർ 5:9). കാൽവരിയിൽ ശുദ്ധീകരണത്തിനുള്ള മാർഗ്ഗം തുറന്നപ്പോൾ മനുഷ്യനിലെ പാപത്താലുള്ള അശുദ്ധിയിൽ നിന്നു രക്ഷപ്പെടുവാനുള്ള സാഹചര്യം ഉണ്ടായി. പ്രത്യാശയുടെ പ്രകാശരശ്മി തെളിഞ്ഞു കണ്ടു (വെളിപ്പാട് 1:5).

നഷ്ടപ്പെട്ട മനുഷ്യർക്കു അന്നു നടന്ന ക്രൂശിലെ യേശുവിന്റെ മരണം, ജീവിതത്തിലെ മഹത്തായ നേട്ടമായി നാശത്തിന്റേയും നിരാശയുടേയും പടുകുഴിയിൽ കിടന്നവർക്കു രക്ഷപ്പെടുവാനുള്ള ഒരു സ്വർഗ്ഗീയ വിളിയായി മാറിയിരുന്നു അത്. സ്വന്തം വീട്ടിൽ സുഭിക്ഷത അനുഭവിച്ചയാൾ പുറത്തുപോയി അകൃത്യത്തിൽ ജീവിച്ചു പന്നികൾക്കിടയിൽ കഴിയേണ്ടി വന്നു. എന്നാൽ അവൻ തിരിച്ചു വീട്ടിലേക്കു വന്നപ്പോൾ ആ പിതാവു അവനെ ഓടിച്ചെന്നു അശ്ലേഷിച്ചു (ലൂക്കൊസ് 15:11–31). ഒരിക്കൽ എല്ലാവർക്കുമായി മരിക്കാൻ നിർബന്ധിതനായ ക്രിസ്തുവാണ് നമുക്ക് തിരിച്ചു ദൈവഭവനമാകുന്ന അവന്റെ സഭയിലേക്ക് പ്രവേശിക്കുന്നതിനു അവസരം ഒരുക്കിയത് (2 കൊരിന്ത്യർ 5:14). അതു നമ്മെ തികവുള്ള, ധനികമായ,

ഉദ്ദേശ ശുദ്ധിയുള്ള, നന്ദിയുള്ള അനുസരണ ജീവിതം നയിക്കാൻ ഉപയുക്തമായി. അതു വീണ്ടും നിഷേധിക്കുക എന്നു പറഞ്ഞാൽ കിട്ടിയ സൗഭാഗ്യത്തെ വലിച്ചെറിയുക എന്നാണർത്ഥം.

പാപം നിമിത്തം നിങ്ങളുടെ തകർന്ന ജീവിതത്തിലേക്കു ക്രിസ്തുവിനെ കൊണ്ടു വരാൻ ശ്രമിക്കുക. അവൻ നിങ്ങളെ പുതിയ സൃഷ്ടിയാക്കും. നിങ്ങളെ പുതുക്കി പണിയും. നിങ്ങൾ പാഴാക്കിയ ശൂന്യമായ വർഷങ്ങൾ പോകട്ടെ. അതിനു പകരം പ്രയോജന പ്രദമായ അനുഗ്രഹ വർഷങ്ങൾ ലഭ്യമാകട്ടെ. അവനു മാത്രമേ നിങ്ങളെ യഥാസ്ഥാനപ്പെടുത്താൻ കഴിയു. നിങ്ങളുടെ അകൃത്യ ങ്ങളെ അവൻ ക്ഷമിക്കും. അതു ഒരിക്കൽ ക്ഷമിച്ചാൽ പിന്നീട് ഓർക്കയില്ല, കർത്താവിന്റെ ദയയും മനസലിവും കരുണയും കാഴ്ച്ചയാക്കിയതു വെറുതെ കളയാതിരിക്കുക. നിങ്ങൾ മനസു വെച്ചാൽ ദൈവം നിങ്ങൾക്കായി പ്രവർത്തിക്കും. കാൽവരിയിലെ ക്രിസ്തുവിങ്കലേക്കു നോക്കുക. നിങ്ങളുടെ ഭാരങ്ങൾ വഹിച്ച നാഥനെ നിങ്ങൾക്കു കാണാം. പക്ഷെ നിങ്ങളുടെ ഉൾക്കണ്ണു തുറന്നാൽ മാത്രമേ ഇതു കാണുവാൻ സാധിക്കു.

## ദുരഭിപ്രായത്തെ നിരസിക്കൽ

ഗ്ലെൻ കോള

ദുരഭിപ്രായത്തെ കുറിച്ചുള്ള ഒരു സംഭാഷണം യോഹന്നാൻ നാലാം അദ്ധ്യായത്തിൽ നമുക്കു കാണാം. ശമര്യക്കാരി സ്ത്രീയിൽ അതിന്റെ ജാള്യത അനുഭവപ്പെടുന്നുണ്ട്. അതുകൊണ്ടാണ് അവൾ ചോദിക്കുന്നത്: യെഹൂദനായിരിക്കുന്ന നീ, ശമര്യക്കാരിയായ എന്നോടു കുടിപ്പാൻ ചോദിക്കുന്നുവോ" എന്ന്. യെഹൂദന്മാർ അന്ന് ശമര്യക്കാരുമായി യാതൊരു സമ്പർക്കവും പുലർത്തിയിരുന്നില്ല (യോഹന്നാൻ 4:9).

ശമര്യക്കാരെ സങ്കര വർഗ്ഗക്കാരായിട്ടാണ് അറിയപ്പെടുന്നത്. പകുതി യെഹൂദനും പകുതി അശൂര്യനും ആയിട്ടുള്ള സങ്കര വർഗ്ഗ മായിരുന്നു അവർ. 700 വർഷങ്ങൾക്കു മുൻപ് അശൂര്യരാൽ പാർപ്പി ക്കപ്പെട്ടതാണ് അവരെ ഇവിടെ (2 രാജാക്കന്മാർ 17:6; എബ്രാ 5:1-10). അവർ പൊതുവായി ബൈബിളിലെ ആദ്യത്തെ അഞ്ചു

പുസ്തകങ്ങൾ അംഗീകരിച്ചിരുന്നു. അവരുടെ പ്രതീക്ഷ, മശിഹ വരുമ്പോൾ യെരുശലേമിൽ അല്ല, ശമര്യയിൽ കേന്ദ്രീകരിച്ചു വാഴ്ച്ച നടത്തും എന്നായിരുന്നു.

ദുരഭിപ്രായത്തിന്റെ ഫലമായി ഉണ്ടാകാവുന്ന അനിഷ്ടത്തിന്റെ യാതൊരു ലക്ഷണവും യേശു കാണിച്ചില്ല. അവൻ അവളോടു ദയാപൂർവ്വം സംസാരിച്ചു. ചിലപ്പോൾ കർശനമായും സംസാരിക്കയുണ്ടായി. അവൻ സർവ്വ മനുഷ്യരുടേതെന്നപോലെ അവളുടേയും മശിഹ ആണെന്നു അവൻ വ്യക്തമാക്കി. മനുഷ്യരുടെ തടസങ്ങൾ ഒന്നും അവൻ ഗണ്യമാക്കിയതേയില്ല. പത്രൊസ് ഇതു മനസിലാക്കി സത്യം തുറന്നു പറയുന്നുണ്ട്. ദൈവം മുഖപക്ഷം കാണിക്കുന്നവനല്ല. ജാതിവ്യത്യാസം, വർഗ്ഗവ്യത്യാസം, എന്നിവയൊന്നും കർത്താവ് കണക്കാക്കുകയില്ല. ഏതു ജാതിയായാലും ഏതു ദേശത്തായാലും അവനെ ഭയപ്പെട്ടു അവന്റെ കല്പനകൾ അനുസരിക്കുന്നവരെ അവൻ കൈക്കൊള്ളും (പ്രവൃത്തി 10:34-35).

വർഗ്ഗത്തിന്റെയും ജാതിയുടേയും പേരിൽ ജോലി സംവരണം നടന്നുകൊണ്ടിരിക്കുന്ന രാജ്യങ്ങൾ ചിലതുണ്ട്. വകഭേദം ഇല്ലാതാക്കാൻ വകഭേദം പ്രവർത്തിക്കുന്ന സ്ഥിതിയാണിത്. താഴ്ന്ന വരുമാനത്തിൽ കിടക്കുന്നവരെ ഉയർത്തിക്കൊണ്ടുവരുവാൻ ശ്രമിക്കുകയാണ്. ഫലമോ വൈരുദ്ധ്യങ്ങൾ തുടരുന്നു എന്നതാണ്. യോഗ്യതയുള്ളവരെ പുറന്തള്ളി, യോഗ്യതയില്ലാത്തവരെ ഓരോ സ്ഥാനങ്ങളിൽ ഇരുത്തുമ്പോൾ ശരിയായ പ്രവർത്തനം ഒരിക്കലും ഉണ്ടാകയില്ല. എന്നാൽ നാം ചെയ്യുന്ന ഏതൊരു പ്രവർത്തിയായാലും അതിൽ നിന്നുണ്ടാകുന്ന ഫലത്തെ കുറിച്ച് ബോധവാന്മാരാകണം. വ്യക്തികളുടെ കഴിവുകൾ കണ്ടെത്തി പരമാവധി ഉപയോഗിക്കുവാൻ അവസരം കൊടുക്കണം. നല്ല അദ്ധ്വാനത്തിനു നല്ല പ്രതിഫലം കൊടുക്കുകയും വേണം. സമ്പ്രദായങ്ങളും ദുരഭിപ്രായങ്ങളും പലരെ അടിച്ചമർത്തിയിട്ടുണ്ട്. ഉച്ചനീചത്വങ്ങൾ സമൂഹത്തിൽ നിന്നു ദൂരീകരിക്കണം. മനുഷ്യരുടെ ഹൃദയങ്ങളിൽ നിന്നു തന്നെ തുടച്ചു നീക്കേണ്ട ഒന്നാണിത്.

ഈ വിഷയങ്ങളിൽ യേശുക്രിസ്തു ഇന്നും ചിന്തിക്കുന്നത് ഒരേ വിധത്തിൽ. പാപത്തെ സംബന്ധിച്ച ദുരഭിപ്രായങ്ങൾ പരിഹരിക്കുവാനുള്ള ഏതാനും നിർദേശങ്ങൾ സ്വയം ഉൾക്കൊ

ള്ളുക. മനുഷ്യർ നമ്മോടു ചെയ്യണമെന്ന് ആഗ്രഹിക്കുന്നത് നാം അവരോട് ചെയ്യണം എന്ന തത്വം നാം മറക്കരുത്.

1. ദയാപ്രമാണം നിങ്ങളുടെ നാവിൽ സൂക്ഷിക്കുക. സദൃശവാക്യങ്ങൾ 31-ാം അദ്ധ്യായം 26-ാം വാക്യത്തിൽ സൽഗുണമുള്ള സ്ത്രീയെ പറ്റി വിവരിക്കുന്നുണ്ട്. ദയയുള്ള ഉപദേശം അവളുടെ നാവിന്മേൽ ഉണ്ട്. നിങ്ങൾ തമ്മിൽ ദയയും മനസലിവുമുള്ളവരായി ദൈവം ക്രിസ്തുവിൽ നമ്മോടു ക്ഷമിച്ചതുപോലെ അന്യോന്യം ക്ഷമിപ്പിൻ (എഫെസ്യർ 4:32). സ്നേഹം ദീർഘമായി ക്ഷമിക്കയും ദയ കാണിക്കയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല; സ്നേഹം നിഗളിക്കുന്നില്ല (1 കൊരിന്ത്യർ 13:4).

2. ദൈവകല്പനകൾ പ്രായോഗികമാക്കുക. ആകയാൽ അവസരം കിട്ടുംപോലെ നാം എല്ലാവർക്കും വിശേഷാൽ സഹവിശ്വാസികൾക്കും നന്മ ചെയ്യുക. നമ്മുടെ സ്വഭാവത്തെ ദൈവിക സ്വഭാവമാക്കി മാറ്റുക.

3. എല്ലാവരോടും ആത്മാർത്ഥത കാണിക്കുക. ആർക്കും തിന്മക്കു പകരം തിന്മ ചെയ്യാതെ സകല മനുഷ്യരുടേയും മുൻപിൽ യോഗ്യമായതു മുൻകരുതി പ്രവർത്തിക്കുക (റോമർ 12:17).

4. യേശു മരിച്ചതു എല്ലാ വർഗക്കാർക്കും വേണ്ടിയായിരുന്നു എന്നു ഓർക്കുക. മനുഷ്യന്റെ ദുരഭിപ്രായത്തിനും ഇളക്കാൻ പറ്റാത്ത മഹത്തായ ഒന്നാണിത്. ക്രിസ്തുവിനോടു ചേരുവാൻ സ്നാനമേറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ദൈവത്തിന്റെ മക്കൾ ആകുന്നു. അതിൽ യെഹൂദൻ എന്നോ, യവനൻ എന്നോ, ദാസൻ എന്നോ സ്വതന്ത്രൻ എന്നോ വ്യത്യാസം ഇല്ല (ഗലാത്യർ 3:26-28). ദൈവം തന്റെ പുത്രനെ അയച്ചതു ലോകത്തെ വിധിപ്പാനല്ല, രക്ഷിപ്പാനത്രെ (യോഹന്നാൻ 3:16).

5. ദൈവ സ്വഭാവം ഹൃദയത്തിൽ വെച്ചുകൊണ്ടു ഇടപെടുക ഞാനോ നിങ്ങളോടു പറയുന്നതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ഉപദ്രവിക്കുന്നവർക്കു വേണ്ടി പ്രാർത്ഥിപ്പിൻ; സ്വർഗ്ഗസ്ഥനായ പിതാവിനു നിങ്ങൾ പുത്രന്മാർ ആയി തീരേണ്ടതിന്നു തന്നെ. അവൻ ദുഷ്ടന്മാരുടെ മേലും നല്ലവരുടെ മേലും തന്റെ

സൂര്യനെ ഉദിപ്പിക്കയും നീതിമാന്മാരുടെ മേലും നീതികെട്ടവരുടെ മേലും മഴ പെയ്യിക്കയും ചെയ്യുന്നുവല്ലോ. നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ നിങ്ങൾക്കു എന്തു പ്രതിഫലം? (മത്തായി 5:44–46).

6. **ആത്മാവിനെ കുറിച്ച് ബോധവാന്മാരായിരിക്കണം.** ഏതു ദേശക്കാരനെന്നോ ഏതു ഭാഷക്കാരനെന്നോ, ഏതു വർഗ്ഗക്കാരനെന്നോ ചിന്തിക്കാതെ ആ വ്യക്തിയിലുള്ള ആത്മാവിന്റെ രക്ഷക്കായി കരുതി പ്രവർത്തിക്കുക. കർത്താവിന്റെ കല്പനകൾ അനുസരിച്ചാലേ ആത്മാവിന്റെ രക്ഷ പ്രാപ്യമാകുന്നുള്ളു (മത്തായി 28:18–19).

✶

## കണക്കിലെടുക്കേണ്ടത് ചിന്തയാണ്

**ചക്ക് വെബ്സ്റ്റർ**

നിങ്ങളുടെ കുട്ടിയോ പങ്കാളിയോ ഒരു തികഞ്ഞ ദാനത്തിനായി അതിവാഞ്ഛയോടെ കാത്തിരുന്നിട്ടു ഒരു നിസാരമായതു മാത്രമാണ് കിട്ടിയത്. അതു ആരാണ് അത്ര കാര്യമായിട്ടെടുക്കുന്നത്? ആ സമ്മാനത്തിനു പിന്നിലുള്ള ചിന്തയാണ് വാസ്തവത്തിൽ പ്രാധാന്യമേറിയത്. രാവിലെ ജോലിക്കു പോകുന്നതിനു മുൻപ് ഒരാൾ തന്റെ മകനെ ഒരു ജോലി ഏല്പിച്ചിട്ടാണ് പോയത്. തിരിച്ചു വന്നപ്പോൾ ആ ജോലി പൂർത്തിയാക്കാതെ കിടന്നിരുന്നു. അയാളുടെ ചിന്ത ആ മകനെ കുറിച്ചു തന്നെയായിരിക്കും. ആ മകനെ കാണുമ്പോൾ അവനോടു ചോദിക്കേണ്ടതും പറയേണ്ടതുമായ കാര്യങ്ങളെ കുറിച്ചു ചിന്തിക്കും. ആ കുട്ടിയുടെ ചിന്ത മറ്റൊന്നായിരിക്കും. മൊത്തത്തിൽ മനുഷ്യന്റെ ചിന്തയാണ് നാം കണക്കിലെടുക്കേണ്ടത്. മതപരമായ കാര്യങ്ങളിലും അതു ശരിയാണെന്നു നിങ്ങൾക്കു തോന്നുന്നില്ലേ? മനസിനെ നാം ഉപയോഗിക്കുന്നതാണല്ലോ ചിന്ത.

നമ്മുടെ വിചാരങ്ങളെ കുറിച്ച് ദൈവം കരുതലുള്ളവനാണ്. യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷാവേളയിൽ അവൻ ആളുകളോടു പല അവസരങ്ങളിൽ അവരുടെ വിചാരങ്ങൾ എന്ത് എന്ന് അന്വേഷിക്കുന്നുണ്ട്. ഹൃദയ നിരൂപണങ്ങൾ അറിഞ്ഞിരുന്നവനായിരുന്നു കർത്താവ് (മത്തായി 9:4; 17:25; ലൂക്കൊസ് 10:36; 13:4).

ഹൃദയത്തിനു ഊന്നൽ കൊടുത്തുകൊണ്ട് വേദപുസ്തകത്തിൽ പറയുന്നുണ്ട്. കാരണം നമ്മുടെ ഹൃദയത്തിൽ നിന്നു വിചാരം ഉടലെടുക്കയും അങ്ങനെ അതു പ്രവൃത്തിപഥത്തിൽ എത്തിക്കുകയും ചെയ്യുന്നു (മത്തായി 5:28; 12:34-35). ഫിലിപ്പിയരെ അപ്പൊസ്തലൻ ഉത്തേജിപ്പിക്കുന്നതു ഈ അവസരത്തിൽ നമുക്കും വളരെ ഫലപ്രദമാണ്. ഒടുവിൽ സഹോദരന്മാരെ, സത്യമായതു ഒക്കെയും ഘനമായതു ഒക്കെയും നീതിയായതു ഒക്കെയും നിർമ്മലമായതു ഒക്കെയും രമ്യമായതു ഒക്കെയും സൽകീർത്തിയായതു ഒക്കെയും സൽഗുണമോ പുകഴ്ച്ചയോ അതു ഒക്കെയും ചിന്തിച്ചുകൊൾവിൻ (ഫിലിപ്പിയർ 4:8).

നാം ദൈവത്തോടു പ്രാർത്ഥിക്കാറുണ്ട് അല്ലേ? ആ യാചനയിൽ ഉൾപ്പെടുത്തേണ്ട ഒരു കാര്യം നാം മറന്നുപോകരുത്. ശരിയല്ലാത്ത വാക്കുകളോ ചിന്തകളോ നമ്മിൽ വരാതിരിക്കാൻ അതു അത്യാവശ്യമാണ്. ദാവീദിന്റെ പ്രാർത്ഥന കേൾക്കുക: എന്റെ പാറയും എന്റെ വീണ്ടെടുപ്പുകാരനുമായ യഹോവേ; എന്റെ വായിലെ വാക്കുകളും എന്റെ ധ്യാനവും നിനക്കു പ്രസാദകരമായിരിക്കട്ടെ (സങ്കീർത്തനങ്ങൾ 19:14). നമ്മുടെ വിചാരങ്ങളും ദൈവത്തിന്റെ വിചാരങ്ങളും വിഭിന്നമാണ്. അതുകൊണ്ട് നാം ഭക്തിയോടെ, പ്രാർത്ഥനയോടെ തിരുവെഴുത്തുകൾ ധ്യാനിക്കണം. അകൃത്യം നമ്മുടെ അധരങ്ങളിൽ നിന്നു പുറപ്പെടാതിരിക്കാൻ സൂക്ഷിക്കണം. നമ്മുടെ ഹൃദയത്തെ നാം വിശുദ്ധമായി സൂക്ഷിക്കണം. എങ്കിൽ മാത്രമെ നമുക്കു ദൈവത്തെ കാണാൻ കഴിയുകയുള്ളു. എങ്കിലേ ദൈവം നമ്മുടെ ഉള്ളിൽ വസിക്കയുള്ളു. നാം ദൈവത്തിനോ ദൈവ നിയമത്തിനോ വിരോധമായി ദോഷം നിരൂപിക്കരുത്. ഹൃദയത്തെ വിശുദ്ധീകരിക്കാൻ യേശുക്രിസ്തുവിന്റെ രക്തം മതിയായതത്രെ. അവന്റെ രക്തത്തോടു ബന്ധപ്പെടുന്നവരുടെ ഹൃദയങ്ങളെ അവൻ നിർമ്മലീകരിക്കുന്നു.

ദൈവത്തോടുള്ള നമ്മുടെ ബന്ധത്തിൽ ശരിയായ ചിന്തകൾ നിർബന്ധമായും ഉണ്ടായിരിക്കണം. എന്നാൽ അതു മാത്രം മതി എന്നു കരുതരുത്. ശരിയായ ചിന്ത, ശരിയായ ക്രിയയിലേക്കു നമ്മെ നയിക്കണം. അതായതു ശരിയായ ജീവിതവും സേവനവും നാം നയിക്കണം എന്നർത്ഥം. നേരായി ചിന്തിക്കുവാനും അതേ സമയത്തു

തെറ്റു പ്രവർത്തിക്കുവാനും കഴിയും. ഉദാഹരണമായി കൊർന്നെല്യോസിനെ എടുക്കാം. അവന്റെ ഹൃദയത്തിൽ ദോഷമുള്ളതായി ഒന്നുമുണ്ടായിരുന്നില്ല. ലൂക്കൊസ് അവനെ സംബന്ധിച്ച് പറയുന്നത്: അവൻ ഭക്തനും തന്റെ സകലഗൃഹത്തോടും കൂടെ ദൈവത്തെ ഭയപ്പെടുന്നവനായി ജനത്തിനു വളരെ ധർമ്മം കൊടുത്തും എപ്പോഴും ദൈവത്തോടു പ്രാർത്ഥിച്ചും പോന്നു. എന്നാൽ കർത്താവായ യേശുക്രിസ്തുവിന്റെ സുവിശേഷം കേട്ട് അനുസരിക്കാതെ ജീവിച്ചിരുന്നു. അതായിരുന്നു അവന്റെ തെറ്റ്. ആകയാൽ പത്രൊസ് അവനോടും അവന്റെ വീട്ടിലുള്ള എല്ലാവരോടും സുവിശേഷം അറിയിച്ചു. കൊർന്നെല്യോസ് സുവിശേഷം കേട്ടപ്പോൾ അവൻ ശരിയായി ചിന്തിക്കാൻ തുടങ്ങി. സുവിശേഷം അനുസരിച്ചു സ്നാനമേറ്റപ്പോൾ അവന്റെ വിചാരങ്ങൾ കണക്കിലെടുത്തു. വെറും ദൈവഭക്തിയോ ദാനധർമ്മമോ പ്രാർത്ഥനയോ മാത്രം പോരാ.

അധരം കൊണ്ടു ദൈവത്തെ ബഹുമാനിക്കയും ഹൃദയം ദൈവത്തിൽ നിന്നു അകറ്റി നിർത്തുകയും ചെയ്യുന്നവർ ധാരാളം പഴയ നിയമകാലം മുതൽ ഇന്നുവരെയുണ്ട്. അത്തരം കാപട്യ വിശ്വാസജീവിതം ദൈവം വെറുക്കുന്നു (മത്തായി 15:9). ദൈവത്തിന്റെ വിചാരത്തോടു നമ്മുടെ വിചാരങ്ങളെ നാം സാമ്യപ്പെടുത്തി നോക്കണം. ആത്മിയ കാര്യങ്ങളിൽ നമ്മുടെ ചിന്തയുടെ സ്ഥാനം എവിടെ നില്ക്കുന്നു? ദൈവത്തെ ആശ്രയിക്കുന്നവർ അതു എല്ലായ്പ്പോഴും തങ്ങളിൽ സൂക്ഷിക്കണം. ഈ ലോകജീവിതത്തിനായുള്ള ഒരുപാധിയായി മാത്രം നാം ദൈവിക കാര്യങ്ങളെ കണക്കിലെടുക്കരുത്. ലൗകിക നീതിയേക്കാൾ ദൈവിക നീതിയായിരിക്കണം നമ്മുടെ ഉള്ളിൽ വേണ്ടത്. ധാർമ്മികമോ മതപരമോ ആയ പ്രവർത്തികൾ നാം ചെയ്യുമ്പോൾ അതിൽ ദൈവം സംപ്രീതനാകുമോ എന്നു നാം ചിന്തിക്കണം. നാം ചിന്തിക്കേണ്ട മറ്റൊരു കാര്യം പ്രവർത്തികളുടെ പരിണിത ഫലങ്ങൾ ആണ്. ഓരോ പ്രവർത്തിക്കും അതിന്റേതായ പ്രതിഫലമോ പ്രത്യാഘാതമോ ഉണ്ടാകും എന്നു ഓർമ്മിക്കുക.

✱

## ബഹിരാകാശത്ത് സുനിതയുടെ മാരത്തൺ

അത്‌ലിറ്റ് കൂടിയായ ആകാശവനിത സുനിത വില്യംസ് പ്രശസ്തമായ ബോസ്റ്റൻ മാരത്തണിനു സമാന്തരമായി ബഹിരാകാശ സ്റ്റേഷനിൽ ട്രെഡ് മില്ലിൽ ഓടും. ഏപ്രിൽ 17 നു ലോകത്തെ ഏറ്റവും പഴക്കംചെന്ന കൂട്ട മാരത്തൺ (42.2 കിലോമീറ്റർ) ബോസ്റ്റണിൽ ആരംഭിക്കുന്ന അതേ സമയത്തുതന്നെ. പക്ഷേ, സുനിതയ്ക്കു ട്രെഡ്മിൽ ഓട്ടം തുടങ്ങാനാവില്ല. ബഹിരാകാശ നിലയത്തിലെ ഉറക്കത്തിന്റെ ഷെഡ്യൂളാണ് ഇതിനു കാരണം. ഹൂസ്റ്റൺ മാരത്തണിൽ പങ്കെടുത്തു 3.28 മണിക്കൂറിൽ ഫിനിഷ് ചെയ്ത് ബോസ്റ്റൻ മാരത്തണിനു യോഗ്യത നേടി നിൽക്കവേയാണു സുനിത ബഹിരാകാശത്തേക്കു പോയത്. 111-ാം ബോസ്റ്റൻ മാരത്തണിൽ സുനിതയുടെ സഹോദരി ദിന പാണ്ഡ്യയും പങ്കെടുക്കുന്നുണ്ട്.

★

## ട്രഷറികളിൽ നിന്ന് ഇന്നലെ പിൻവലിച്ചത് 600 കോടി

സാമ്പത്തിക വർഷത്തിന്റെ അവസാന ദിവസമായ ഇന്നലെ ട്രഷറികളിൽ നിന്ന് 600 കോടി രൂപ പിൻവലിച്ചതായി കണക്കാക്കുന്നു. ഇന്നു നബി ദിനം പ്രമാണിച്ചു പൊതു ഒഴിവായതിനാലാണ് ഇന്നലെ അവസാന പ്രവൃത്തി ദിവസമായത്.

ഇന്നലെ അർധരാത്രി വരെ സംസ്ഥാനത്തു ട്രഷറികൾ തുറന്നുവയ്ക്കാൻ ധനമന്ത്രി നിർദേശം നൽകിയിരുന്നു. ട്രഷറിയിൽ പണമുണ്ടെന്നും പ്ലാൻ ഫണ്ടിന് യാതൊരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ലെന്നും ധനവകുപ്പ് വക്താവ് അറിയിച്ചു.

★

## വ്യാജ പിടിച്ചുപറി വാർത്ത: പൂജാരി കസ്റ്റഡിയിൽ

ലിഫ്റ്റ് ചോദിച്ച് ബൈക്കിനുപിന്നിൽ കയറിയ യുവാവ് പണവും സ്വർണാഭരണങ്ങളും പിടിച്ചുപറിച്ചുവെന്ന് കള്ള പ്പരാതിയും വാർത്തയും നൽകിയ ക്ഷേത്രപൂജാരിയെ പൊലീസ് കസ്റ്റഡിയിലെടുത്തു.

കരകുളം മുല്ലശ്ശേരി മുണ്ടയ്ക്കൽ ക്ഷേത്രത്തിലെ പൂജാരി കിഴക്കേകോട്ട തകരപ്പറമ്പ് കനാൽ ലെയ്നിൽ കെ.എം.എസ്. വാസവൻപോറ്റിയെയാണ് നെടുമങ്ങാട് സിഐ: മുഹമ്മദ് ഷാഫിയുടെ നേതൃത്വത്തിൽ തകരപ്പറമ്പിലെ വീട്ടിൽ നിന്ന് ഇന്നലെ രാത്രി 11 മണിയോടെ പിടികൂടിയത്.

★

## വിവാഹത്തട്ടിപ്പ് വീരൻ പിടിയിൽ

മൂന്നാംവിവാഹം കഴിഞ്ഞശേഷം ഒന്നരലക്ഷംരൂപയും 20 പവൻ സ്വർണാഭരണവുമായി മുങ്ങിയ വിവാഹത്തട്ടിപ്പുവീരനെ പൊലീസ് അറസ്റ്റ് ചെയ്തു. വാമനപുരം പുളിമാത്ത് ഈട്ടിക്കുന്ന് ഷൗക്കത്ത് മൻസിലിൽ എം.ഷൗക്കത്തലി ആണ് പിടിയിലായത്. ഷൗക്കത്തലി ആദ്യം വെമ്പായത്തുനിന്നും തുടർന്ന് വക്കത്തു നിന്നും വിവാഹം കഴിച്ചിരുന്നു. രണ്ടുമാസംമുൻപ് തൊളിക്കോട്ട് മാങ്കോണുകോണത്തുള്ള ബീനയെ ഒന്നരലക്ഷം രൂപയും 20 പവൻ സ്വർണവും സ്ത്രീധനമായി വാങ്ങി വിവാഹം കഴിച്ച് 40 ദിവസം ഒപ്പം താമസിപ്പിച്ചു. ഇതിനിടെ രണ്ടാംഭാര്യയായ വക്കം സ്വദേശി സെലീനയുമായി കൂട്ടുചേർന്ന് ആഭരണവും പണവുമായി തെങ്കാശിയിലേക്ക് മുങ്ങി. ബീന പൊലീസിൽ പരാതിപ്പെട്ടു. തുടർന്നാണ് വിതുര എസ്.ഐ: ബി.അനിൽകുമാറും, എഎസ്ഐ. വിജയകുമാറും സംഘവും ചേർന്ന് ഷൗക്കത്തലിയെ പിടികൂടിയത്.

★

## കിംസിന് ദേശീയ പുരസ്കാരം

ഹൃദ്രോഗ ഗവേഷണത്തിനുള്ള എ.വി.ഗാന്ധി സ്മാരക ദേശീയ അവാർഡ് കിംസ് ആശുപത്രിക്ക്. ഇന്ത്യയിലെ ഏറ്റവും നല്ല മൂന്ന് ഹൃദ്രോഗ ഗവേഷണ പ്രബന്ധങ്ങളിൽ ഒന്നായി കിംസിലെ ഡോ.റെയ്ച്ചൽ ഡാനിയലിന്റെ പ്രബന്ധത്തെ തിരഞ്ഞെടുത്തു.

മുംബൈയിലെ ചടങ്ങിൽ സ്വർണമെഡലും ഒരു ലക്ഷം രൂപയും ഡോ. റെയ്ച്ചലിനു സമ്മാനിച്ചു. മികച്ച ഹൃദ്രോഗ ഗവേഷണ സ്ഥാപനങ്ങളിൽ ഒന്നായി കിംസിനെ അംഗീകരിച്ചുകൊണ്ട് ഹൃദ്രോഗ വിഭാഗം തലവനായ ഡോ. വിജയരാഘവന് അൻപതിനായിരം രൂപയും പുരസ്കാരങ്ങളും സമ്മാനിച്ചു.

★

## കുടുംബ പെൻഷൻ മാസം 125 രൂപ

ക്ഷീര കർഷക ക്ഷേമനിധി ബിൽ നിയമസഭ പാസാക്കിയതോടെ കൂടുതൽ ക്ഷീര കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കും. നിലവിലുള്ള ഓർഡിനൻസ് അനുസരിച്ച് പ്രാഥമിക ക്ഷീര സഹകരണ സംഘത്തിലെ അംഗങ്ങൾക്കു മാത്രമായി ആനുകൂല്യം നിയന്ത്രിച്ചിരുന്നു.

പുതിയ നിയമപ്രകാരം സംഘത്തിനു പാൽ നൽകുന്ന കർഷകനും പെൻഷനും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാകുമെന്ന് മന്ത്രി സി. ദിവാകരൻ അറിയിച്ചു.

★

## 15 മാസത്തിനിടെ ആറുതവണ മാറ്റം

റിസർവ് ബാങ്ക് 2006 ജനുവരിക്കു ശേഷം റിപ്പോ നിരക്ക് ആറു തവണ ഉയർത്തി. സിആർആർ നിരക്കു വർധിപ്പിക്കുന്നത് കഴിഞ്ഞ ഡിസംബറിനു ശേഷം ഇതു മൂന്നാം തവണയാണ്. രാജ്യത്തെ വാർഷിക പണനയം ഏപ്രിൽ 24നു പ്രഖ്യാപിക്കാനിരിക്കേയാണു വീണ്ടുമൊരു നിരക്കുവർധന. നാണ്യപ്പെരുപ്പം നിയന്ത്രിക്കാനുള്ള നടപടികൾക്കു സർക്കാർ എല്ലാ പിന്തുണയും

നൽകുമെന്നു ധനമന്ത്രി പി.ചിദംബരം മുംബൈയിൽ അറിയിച്ചു.

★

## ഗ്രേഡിങ്ങിലെ അപകടം

ഈ വർഷം മുതൽ സമ്പൂർണ ഗ്രേഡിങ് സമ്പ്രദായം നിലവിൽ വരികയാണ്. ഇതിന്റെ അപകടങ്ങളെക്കുറിച്ചു പലരും അറിയുന്നില്ല. ഈ സമ്പ്രദായമനുസരിച്ചു 90 മാർക്ക് കിട്ടുന്ന കുട്ടിയും 99 മാർക്ക് കിട്ടുന്ന കുട്ടിയും ഒരേ ഗ്രേഡിൽ വരുന്നു. ഒരു മാർക്കിന്റെ പേരിൽ ഗ്രേഡിൽ താഴെപ്പോകുകയും ചെയ്യുന്നു. കഴിഞ്ഞ വർഷത്തേതു പോലെ ഗ്രേഡിനൊപ്പം മാർക്ക് കൂടി അറിയിക്കുന്നതാണ് ഇതിനൊരു പരിഹാരം. ഗ്രേഡ് മാത്രം രേഖപ്പെടുത്തിയാൽ കുട്ടിക്കു കിട്ടുന്ന മാർക്കിന്റെ ശതമാനം അറിയാൻ എന്താണൊരു മാർഗം? ഉദാഹരണത്തിന് ഏതെങ്കിലും വിഷയത്തിനു കുട്ടിക്ക് എ പ്ലസ് കിട്ടിയാൽ ശതമാനം കണക്കാക്കേണ്ടതു 90 എന്നോ, 100 എന്നോ? അതോ, ഇതിനിടയിൽ ഇഷ്ടപ്പെട്ട ഏതെങ്കിലും മാർക്കോ? അതുപോലെയാണു റീ വാല്യുവേഷന്റെ കാര്യവും. മാർക്കിനെപ്പറ്റി ഒരു ധാരണയുമില്ലാതെ എങ്ങനെയാണു റീ വാല്യുവേഷനു പോകുക?

★

## അറിവുകളുടെ ആഘോഷങ്ങളുമായി അവധിക്കാല ക്ലാസുകൾ

പഠനത്തിന്റെ ജപമുറകൾക്കും പരീക്ഷയ്ക്കും ശേഷം മധ്യവേനൽ അവധിയിലേക്കു പ്രവേശിക്കുന്ന കുട്ടിക്കു കലയും കായികവും മുതൽ വ്യക്തിത്വ വികസനംവരെ വിവിധ മേഖലകളിൽ പരിശീലനത്തിന് നഗരത്തിൽ അരങ്ങൊരുങ്ങി. ശാസ്ത്രപഠനത്തിൽ അഭിരുചിയുള്ളവർക്ക് അതിനും അവസരമുണ്ട്.

★

## HEAR THE VOICE OF TRUTH ON RADIO
# SRILANKA

| | |
|---|---|
| **Hindi** | Sundays 6.45 A.M.-7.00 A.M. and Thursdays, 6.45A.M- 7.00 A.M. A.M. Speaker Sunny David, Church of Christ, B-350, Chitharanjan Park, New Delhi-110019 |
| **Malayalam** | Friday 3.45-4.00 P.M. Speaker: P.K. Varghese, **Church of christ** Thmpuranmukku, Trivandrum-35 |
| **Tamil** | Mondays, Tuesdays, Thursdays, Fridays 5.30 P.M. to 5.45 P.M. Speaker: P.R. Swamy, Box 8405 Bangalore-560084 |
| **Telugu** | Sundays, Mondays, Wednesdays, Thursdays, 2.00 P.M-2.15 P.M. Speaker, Joshua Gootam, Box-80, Kakinada- 533001 |

---

Please write to these addresses for Bible correspondence course, Magazine, and other Christian literature in your language. All of these programmes are sponsored by

**CHURCHES OF CHRIST**

Edited, Printed and Published at Church of Christ
Thampuranmukku, Trivandrum- 695 035, Kerala, India

**Posted at R.M.S Tvm on 23/24 April**

Reg. No. K.Dis. 90095/86/A8. Reg. No. KL (N) 22/06-08

Licensed to post without prepayment No. Tech/62-2 TV(N) 40/2007

*Join us to worship God in Spirit and Truth*

*The*

# CHURCH OF CHRIST

Meets at T.C. 27/225

Thampuranmukku, Trivandrum-35

**Sunday- Worship- 10.00 am**

**Tuesday- Bible Study- 6.00 pm**

ALL ARE WELCOME

All correspondence should be sent to the Editor, The Bible Truth Church of Christ, Thampuranmukku, Trivandrum-35, Kerala, India

From
THE BIBLE TRUTH
Church of Christ
Thampuranmukku,
Trivandrum-35
Kerala, India.
Phone: 2303378

To